ഫെബ്രുവരി 2013

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

വാല്യം – 26 / ലക്കം – 02







## പുല്ലാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ്

# ദേവാലയകൂദാശ

**ഫെബ്രുവരി 5, 6 തീയതികളിൽ നടന്നു**

---

വ്രതശുദ്ധിയുടെ വിശുദ്ധമായ

# വലിയനോമ്പ്

സമാഗതമായി





# നോമ്പ്
# വ്രതശുദ്ധിയുടെ ദിനങ്ങൾ

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

ന്യായത്തിന്റെയും സ്വയം വെറുമയാക്കുന്നതിന്റെയും ഉത്സവ ഘോഷമായ ഉത്ഥാന പെരുന്നാളിലേക്ക് നമ്മെ ഒരുക്കുന്ന ആത്മതപനത്തിന്റെയും ആത്മത്യാഗത്തിന്റെയും നോമ്പുകാലം. ശത്രുവിനു നേരേ തോല്ക്കാത്ത ആയുധമായ നോമ്പിനെ നമുക്ക് എതിരേൽക്കാം. നോമ്പിന്റെ ദിനങ്ങൾ സാധാരണയിൽ നിന്നും വ്യത്യസ്തമായ ജീവിതാനുഭവങ്ങൾ പ്രദാനം ചെയ്യും. അത് ജീവിത നവീകരണത്തിനും ആത്മശരീര മനസ്സുകളുടെ നിർമ്മലീകരണത്തിനും നമ്മെ സഹായിക്കണം. അനുതാപത്തിനും ആത്മശോധനയ്ക്കും മുൻതൂക്കം നൽകി വി. കുമ്പസാരത്തിലൂടെ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ശുദ്ധീകരണം പ്രാപിക്കുവാനുള്ള ധന്യ ദിനങ്ങൾ. ഒരു ഭവനം നാം നിർമ്മിക്കുമ്പോൾ അതിന് ശക്തവും ഉറപ്പുള്ളതുമായ അടിസ്ഥാനം ഇട്ട് അതിനു മുകളിലേക്ക് ഭവനം കെട്ടിപ്പൊക്കുന്നതുപോലെ നോമ്പും ഉപവാസവുമാകുന്ന ശക്തമായ അടിത്തറയിൽ ആത്മീയ ജീവിതം നാം പണിത് ഉയർത്തണം. അടിസ്ഥാനം ഉറപ്പുള്ളതാകുമ്പോൾ സർവ്വതും ബലവത്തായിരിക്കും.

ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യത്വത്തിലേക്കുള്ള വളർച്ച കൂടിയാണ് ഈ നോമ്പുകാലം. യഥാർത്ഥ ശിഷ്യത്വത്തിലേക്ക് വളരണമെങ്കിൽ നമ്മിൽ നിന്നും അഹം ചോർന്നുപോയെങ്കിലേ മതിയാവൂ. ‘ഞാൻ’ ഇല്ലാതെയായി ക്രിസ്തു നമ്മിൽ ജീവിക്കണം. ശോഭയുള്ളതും പരിശുദ്ധവുമായ നോമ്പാൽ നമ്മുടെ ആത്മാക്കളെ ശോഭിപ്പിക്കുന്നതിനും വെടിപ്പുള്ള പ്രാർത്ഥനകളാൽ നമ്മുടെ ഇന്ദ്രിയങ്ങളെ കീഴ്പ്പെടുത്തുവാനും ജഡിക ചിന്തകളിൽ നിന്നും ശരീരത്തെ അടക്കി നിർത്തുവാനും നല്ല ജാഗരണങ്ങളാൽ നമ്മുടെ നിരൂപണങ്ങളെ ഉണർത്തുവാനും ഈ നോമ്പു മൂലം കഴിയണം എന്നാണ് പ്രാർത്ഥനകളിലൂടെ പിതാക്കന്മാർ പഠിപ്പിക്കുന്നത്. നമ്മുടെ ദേഹങ്ങളെ നിർമ്മല യാഗമായും വിചാരങ്ങളെ സമാധാന ബലിയായും ചിന്തകളെ നിർമ്മല യാഗമായും ജീവിത നടപടികളെ ആന്തരികവും പരിമളമേറിയതുമായ സുഗന്ധവാസനയായും സമർപ്പിക്കുന്നതുമാകണം ഈ നോമ്പ്.

പാപങ്ങളിൽ നിന്നും പിൻമാറി ദുഷ്ടതകളിൽ നിന്നും പിന്തിരിയുവാനും ജീവിതയാത്രയിലെ ആത്മീയ പോരാട്ടങ്ങളിൽ ധീരതയോട് നിൽപ്പാനും ശക്തി ലഭിക്കും. നോമ്പ് ആത്മാവിനെ നിർമ്മലമാക്കി ശരീരത്തെ വെടിപ്പാക്കുന്നു. വിചാരത്തെ ശാന്തമാക്കി ആലോചനയെ പരിപൂർണമാക്കുന്നു. ഹൃദയത്തെ ജാഗ്രതപ്പെടുത്തി മനസാക്ഷിയെ പരമാർത്ഥപ്പെടുത്തുന്നു. നോട്ടത്തെ പരിപാകപ്പെടുത്തി ശ്രദ്ധയെ ശുദ്ധീകരിക്കുന്നു.

വാല്യം – 26 ലക്കം – 2

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org




ഫെബ്രുവരി 2013

| വരിസംഖ്യ | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |
| **പരസ്യനിരക്കുകൾ** | |
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

# താളുകളിൽ....

**5** ഇടയപത്രിക
**പ്രകൃതിയെ മറക്കാതെ പ്രകൃതിയോട് ചേർന്ന് ജീവിക്കാം**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

**6** ആരാധനാ വിജ്ഞാനീയം
**തിരിച്ചറിവിന്റെ വിശുദ്ധ ദിനങ്ങൾ**
ഫാ. സഖറിയ പനയ്ക്കാമറ്റം

**8** ലേഖനം
**കുമ്പസാരത്തിന്റെ മറുപുറങ്ങളിലൂടെ**
ഫാ. ഡോ. തോംസൺ റോബി

**11** ലേഖനം
**നീതിമാന്മാരുടെ ഭവനമോ നിലനിൽക്കും**
ഫാ. മാത്യു വറുഗീസ് പുളിമൂട്ടിൽ

**14** വചനപരിച്ഛേദം
**കുറുക്കുവഴികളിൽ അന്യമാകുന്ന ദൈവം**
ഫാ. പി.വി. ജോൺ

**17** കൗൺസിലിംഗ്
**നരച്ചവന്റെ മുമ്പാകെ.....**
ഫാ. പി.കെ. കോശി

**19** ഏവൻഗേല്യോന്യധ്യാനം
**മെൽതോ**
ഫാ. ബിജു റ്റി. മാത്യു

**23** അനുസ്മരണം
**കർമ്മധീരനായ ക്രിസ്തുദാസൻ**
പി.ജെ. അലക്സാണ്ടർ

**25** ലേഖനം
**നിനുവയോടുണ്ടായ കോപം.....**
തോമസ് കുര്യൻ

പ്രതികരണ പത്രിക 24
ഭദ്രാസന വാർത്തകൾ 26
ബാലപത്രിക 27
സണ്ടേസ്കൂൾ വാർത്തകൾ 28

**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ
അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479 - 2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479 - 2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി



# പ്രകൃതിയെ മറക്കാതെ പ്രകൃതിയോട് ചേർന്ന് ജീവിക്കാം

ദൈവസൃഷ്ടിയായ പ്രകൃതിയുടെ വലിയ പ്രത്യേകത അതിന്റെ താളാത്മകതയാണ്. ആകാശത്തിലെ നക്ഷത്രങ്ങൾക്കും, ഭൂമിയിലെ ഇഴജന്തുക്കൾക്കും സമുദ്രത്തിലെ മൽസ്യങ്ങൾക്കും കൃത്യമായ സ്ഥാനവും ഇടവും നൽകിയ സർവ്വശക്തൻ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ പരിപാലിച്ചു. എന്നാൽ ഈ ദൈവീക സമീപനത്തിന് എതിരായി മനുഷ്യൻ പ്രകൃതിയിലേക്ക് നടത്തിയ ഇടപെടലുകൾ ആണ് ഇന്നു കാണുന്ന പ്രകൃതിദുരന്തങ്ങൾക്ക് അടിസ്ഥാനം.

കാലവർഷത്തിന്റെ അഭാവവും കഠിനമായ ചൂടും നമ്മുടെ ചുറ്റുപാടുകളെ വല്ലാതെ തകിടം മറിച്ചിരിക്കുന്നു. ഭാരതത്തിന്റെ പ്രധാന സാമ്പത്തിക മേഖലയായ കാർഷിക മേഖലയുടെ തകർച്ച ഇത്തരം കാലാവസ്ഥ വ്യതിയാനങ്ങൾ മൂലം ഉണ്ടാകുന്നു. വൈദ്യശാസ്ത്രത്തിന്റെ കൈപ്പിടിയിൽ ഒതുങ്ങാത്ത മാരക രോഗങ്ങൾ നമുക്ക് ചുറ്റും മരണവും കണ്ണുനീരും വിതയ്ക്കുന്നു. മനുഷ്യൻ സൃഷ്ടിയുടെ അധിപതി, പ്രകൃതി എനിക്ക് സ്വന്തം, എനിക്ക് ആവശ്യമുള്ളതെല്ലാം ഞാൻ പ്രകൃതിയിൽ നിന്ന് വാരിയെടുക്കും എന്നുള്ള പാശ്ചാത്യ മാനവികതയിൽ നിന്ന് മനുഷ്യൻ പ്രകൃതിയുടെ കാവൽക്കാരൻ, പ്രകൃതിയുമായുള്ള സഹവർത്തിത്വത്തിലൂന്നിയുള്ള വളർച്ച തുടങ്ങിയ പൗരസ്ത്യ മാനവികതയിലേക്ക് നാം മാറേണ്ടിയിരിക്കുന്നു. യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻതോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും അവിടെ ആക്കി. ഉൽപ്പത്തി 2:15.

വെള്ളത്തിനായി ടാപ്പ് തുറന്നാൽ എപ്പോഴും വെള്ളം താനെ വന്നുകൊണ്ടിരിക്കും എന്നാണ് പലരുടെയും ധാരണ. എന്നാൽ ടാപ്പിൽ വെള്ളം വരണമെങ്കിൽ ടാങ്കിൽ വെള്ളം ഉണ്ടാകണമെന്ന അടിസ്ഥാന തത്വം പലരും മറന്നു പോകുന്നു. എപ്പോഴും മനുഷ്യന്റെ ആർത്തിയുടെ പൂർത്തീകരണത്തിനുള്ളതെല്ലാം പ്രകൃതിയിലുണ്ട് എന്ന പാശ്ചാത്യ ദർശനങ്ങൾ ആണ് തത്വദീക്ഷയില്ലാത്ത പ്രകൃതി ദുരന്തങ്ങൾക്ക് വഴിതെളിച്ചത്. പ്രകൃതിയിലെ വിഭവങ്ങളെ ഉത്തരവാദിത്വബോധത്തോടെ കാത്ത് സൂക്ഷിക്കുവാനും ആവശ്യത്തിലൂന്നിയുള്ള പ്രകൃതി വിഭവങ്ങളുടെ ഉപയോഗം ശക്തമാക്കാനുമുള്ള ബോധവത്ക്കരണം നാം തുടങ്ങിയേ മതിയാകൂ.

പ്രകൃതിയുടെ സന്തുലിതാവസ്ഥ താറുമാറാക്കുന്തോറും ഉണ്ടാകുന്ന പ്രതിസന്ധികളെ നേരിടുന്നതിന് ഗവണ്മെന്റ് കൈകൊള്ളുന്ന തീരുമാനങ്ങളെ ചോദ്യം ചെയ്യാതെ അവയോട് സഹകരിക്കുന്നതിന് നാം തയ്യാറാവണം. ഇന്ന് പ്രകൃതിയിൽ കാണുന്നതെല്ലാം അടുത്തുവരുന്ന തലമുറകൾക്കും അവകാശപ്പെട്ടതാണെന്നുള്ള ബോദ്ധ്യം നമുക്കുണ്ടാവണം.

നമ്മുടെ പുതു തലമുറയ്ക്ക് പ്രകൃതിയുടെ സംരക്ഷണത്തിന്റെ അനിവാര്യതയെപ്പറ്റിയുള്ള ഓർമ്മപ്പെടുത്തലുകൾ എപ്പോഴും നൽകാൻ നാം ബാദ്ധ്യസ്ഥരാണ്. ആരോഗ്യമുള്ള പ്രകൃതി ആരോഗ്യമുള്ള ജീവിതത്തിന് ആധാരം എന്ന വലിയ കാഴ്ചപ്പാട് അടുത്ത തലമുറയോട് പങ്കു വയ്ക്കുവാൻ എല്ലാ വഴികളും നാം കൂടുതലായി ഉപയോഗിക്കേണ്ടതുണ്ട്.

മണ്ണുമായുള്ള ബന്ധം വിഛേദിച്ച് വെള്ളക്കോളർ ജോലി മാത്രം അന്വേഷിക്കുന്ന ആധുനിക തലമുറയോട് മനുഷ്യർ മണ്ണിൽ നിന്ന് നിർമ്മിക്കപ്പെട്ടതും, മണ്ണിനോട് ചേർക്കപ്പെടേണ്ടവരും ആണെന്നുള്ള ബോധം ഒരു പ്രവാചക ശബ്ദം പോലെ എപ്പോഴും മന്ത്രിക്കുവാൻ നമുക്ക് കഴിയണം. വിഷലിപ്തമായ പച്ചക്കറികളും മറ്റു വിഭവങ്ങളും കഴിക്കേണ്ടി വരുന്ന ഭക്ഷണ ആശ്രയത്വത്തിൽ നിന്ന് തനിക്ക് ആവശ്യമുള്ള പച്ചക്കറികളും മറ്റു വിഭവങ്ങളും ഞാൻ തന്നെ ഉത്പ്പാദിപ്പിക്കും എന്ന ഭക്ഷണ സ്വാതന്ത്ര്യബോധത്തിലേക്ക് നാം വളരണം. പ്രകൃതിയിൽ നിന്ന് അകലുന്നതല്ല വികസനം പ്രകൃതിയോട് ചേരുന്നതാണ് വികസനം എന്ന മഹത്തായ കാഴ്ചപ്പാടുകൾ സ്വന്തമാക്കുവാൻ നമുക്കേവർക്കും സാധ്യമാകട്ടെ.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**



*"പാവനമാമീനോമ്പെങ്ങനെ – നോൽക്കണമെന്നാ*
*ദർശകനാമേശായാ നമ്മോടുൽ – ഘോഷിപ്പൂ*
*ഉൾക്കാമ്പീന്നന്യായത്തിൽ കെട്ടുകൾ നീക്കി*
*പരവഞ്ചനയുടെ പാശത്തെ – മുറ്റും ഛേദിക്ക*
*പാവങ്ങൾ – ക്കപ്പം നൽകീടുക*
*പരദേശി – ക്കാശ്രയമേകീടുക*
*നാഥൻ നിൻവിളി കേട്ടീടും – നിൻമേൽ കൃപചെയ്യും"*
*(വലിയ നോമ്പിലെ നമസ്ക്കാരം – ചൊവ്വ സന്ധ്യ)*

# തിരിച്ചറിവിന്റെ വിശുദ്ധ ദിനങ്ങൾ

**ഫാ. സഖറിയ പനയ്ക്കാമറ്റം**

"വെടിപ്പുള്ള നോമ്പ് ഇതാകുന്നു എന്ന് ദീർഘദർശി അട്ടഹസിക്കുന്നു. അതിന്റെ നടപടികൾ എങ്ങനെ പാലിക്കണമെന്ന് നമ്മോട് പ്രസംഗിക്കുകയും ചെയ്യുന്നു. അന്യായത്തിന്റെ ബന്ധനങ്ങളെ നിന്റെ ഹൃദയത്തിൽ നിന്നും അഴിച്ചു കളയുകയും വഞ്ചനയുടെ കെട്ടുകളെ നിന്റെ ഉള്ളിൽ നിന്നും ഛേദിച്ചുകളയുകയും ദരിദ്രന്മാർക്ക് നിന്റെ അപ്പത്തെ ഭാഗിച്ചുകൊടുക്കുകയും പരദേശികളെ നിന്റെ ഭവനത്തിൽ ചേർത്തുകൊള്ളുകയും വേണം. നീ കർത്താവിനെ വിളിക്കുകയും അവൻ നിന്നോട് ഉത്തരമരുളുകയും നിന്നോടു കരുണ കാണിക്കുകയും ചെയ്യും."

**ആന്തരീക ജീവൻ നഷ്ടമാകുന്ന മൂന്ന് കാര്യങ്ങൾ**

വലിയ നോമ്പ് ആരംഭിക്കുന്നതിനോട് ചേർന്നുള്ള കൊത്ത്നേ ഞായറാഴ്ചയുടെ പഴമ വായനയിൽ യെശയ്യാ പ്രവചനം 58-ാം അദ്ധ്യായത്തിലെ വാക്യങ്ങൾ ചേർത്തിരിക്കുന്നു. "നുകവും, വിരൽ ചൂണ്ടുന്നതും, വഷളത്തം സംസാരിക്കുന്നതും നീ നിന്റെ നടുവിൽ നിന്നും നീക്കിക്കളയുകയും വിശപ്പുള്ളവനോടു നീ താല്പര്യം കാണിക്കുകയും കഷ്ടത്തിൽ ഇരിക്കുന്നവന് നീ തൃപ്തി വരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഇരുളിൽ ഉദിയ്ക്കും" (യെശയ്യാ 58:9,10) മാനസ്സികവും ശാരീരികവും ആയുള്ള നുകം വഹിക്കേണ്ടതായി വരുമ്പോൾ ഒരുവന്റെ സംഘർഷാവസ്ഥ ഏറി സമാധാനം നഷ്ടപ്പെടുന്നു. ആചാരാനുഷ്ഠാനങ്ങളോടു ചേർന്നുള്ള ധൂർത്തുപോലും വൈരുദ്ധ്യങ്ങളുടെ ഭാരം സ്വയം കൂട്ടിന്നവയായിത്തീരും. ചെങ്ങന്നൂർ, മാവേലിക്കര ഭദ്രാസനങ്ങളിലെ വിവിധ സഭകളിലെ വൈദീകരുടെ എക്യുമെനിക്കൽ സമ്മേളനം നടന്നപ്പോൾ, വന്ദ്യനായ ഒരു വൈദികന്റെ പരാമർശം കേൾക്കുന്നതിനിടയായി (08-02-2013). സ്വന്തം പിതാവിന്റെ സംസ്ക്കാര ശുശ്രൂഷ, കാലഘട്ടത്തിന് അനുസരിച്ച് മാന്യമായി നടത്തുവാൻ എൺപതിനായിരം രൂപ പലിശനിരക്കിൽ പണയം വെച്ച് എടുത്ത തന്റെ ഇടവകയിലെ ഒരു ചെറുപ്പക്കാരന്റെ ദുഃസ്ഥിതിയെക്കുറിച്ചായിരുന്നു. കുടുംബതലത്തിലും വിശേഷിച്ച് പെരുന്നാളുകളോടും, സ്വീകരണങ്ങളോടും ചേർന്ന് ഇടവകതലത്തിലും ധൂർത്ത് ഏറിവരുന്നതുമൂലം നഷ്ടമാകുന്നത് ആന്തരിക ചൈതന്യം ആണ്.

ധാർമ്മിക പ്രവൃത്തികൾ നിറവേറ്റേണ്ടതായ അവസരങ്ങളാണ് പലപ്പോഴും പാഴായപ്പോകുന്നത്. "നിന്റെ പ്രതാപവും, വാദ്യാഘോഷവും, പാതാളത്തിലേക്ക് താഴ്ത്തപ്പെട്ടിരിക്കുന്നു. കീടങ്ങളാണ് നിന്റെ കിടക്ക. പുഴുക്കളാണ് നിന്റെ പുതപ്പ്. ഉഷസ്സിന്റെ പുത്രനായ പ്രഭാത നക്ഷത്രമേ നീ എങ്ങിനെ ആകാശത്തുനിന്ന് വീണു. ജനതകളെ കീഴടക്കിയവനെ നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു" (യെശയ്യാ. 14:11,12).

ലഭ്യമാകുന്ന അവസരങ്ങൾ പരസ്പരം പഴിചാരിയും, കുറ്റപ്പെടുത്തിയും, വിരൽചൂണ്ടിയും ആത്മീയതയിൽ നിന്നും അകലെയായിപ്പോകുന്നു. വഷളത്തം ഏറിവരുന്ന അനുദിന സംഭവങ്ങൾക്ക് പ്രാധാന്യതയോടെ മാദ്ധ്യമങ്ങൾ മുൻഗണന നൽകുന്നു. വായനക്കാരുടെ താല്പര്യവും എണ്ണവും വർദ്ധിച്ചു വരുവാൻ തക്കവണ്ണം പീഡനങ്ങളുടെ അനാവശ്യ ചുരുളുകൾ ഓരോന്നായി

അഴിച്ച് വാർത്തകൾ മെനയുന്നതിന് ശ്രദ്ധിക്കുകയും ചെയ്യുന്നു.

**അന്ധകാരത്തെ, മദ്ധ്യാഹ്ന പ്രകാശമാക്കുന്ന രൂപാന്തരം:-**

ധന സമ്പാദ്യങ്ങൾ ജീവിതത്തെ പ്രകാശപൂരിതമാക്കുകയില്ലായെന്നത് പിതാക്കന്മാർ മനനം ചെയ്ത് തിരിച്ചറിഞ്ഞ യാഥാർത്ഥ്യമാണ്. ചിലരുടെ പനിയെപ്പോലും മാറ്റുവാൻ വൈദ്യശാസ്ത്രത്തിന് പരിമിതിയുണ്ടാകും. താരതമ്യം ചെയ്യുമ്പോൾ വലിയ സമ്പന്നന്മാരായിട്ടുള്ളവരാണ് വലിയ ദുഃഖം അനുഭവിക്കുന്നവരെന്ന് മനസ്സിലാക്കുവാനും കഴിയും. ജീവിതം കൂടുതൽ പേർക്കും ഒരു ഭാരമാണ്. എന്നാൽ ചുരുക്കം ചിലർക്ക് ജീവിതം ഉത്സവം ആയി അനുഭവവേദ്യമാകുന്നത് ലഭ്യമായിട്ടുള്ള സാഹചര്യങ്ങളെയും സാദ്ധ്യതകളെയും മറ്റുള്ളവർക്ക് നന്മയുണ്ടാകുന്ന യാഥാർത്ഥ്യങ്ങളാക്കിത്തീർക്കുമ്പോഴാണ് "അപ്പോൾ നിന്റെ പ്രകാശം ഇരുളിൽ ഉദിയ്ക്കും, നിന്റെ അന്ധകാരം മദ്ധ്യാഹ്നം പോലെയാകും."

**ക്രിസ്തുവിനോടൊപ്പം പങ്കാളികൾ ആകുക:-**

ജീവൻ നൽകുവാൻ - സമൃദ്ധിയായ ജീവൻ നൽകുവാനത്രെ ക്രിസ്തു വന്നത്. അല്ലാതെ പണമോ ഭൗതികമായ സമ്പാദ്യങ്ങളോ വിതരണം ചെയ്യുവാനായിരുന്നില്ല. ദൈവമക്കളുടെ ആവശ്യം അറിയുന്ന ദൈവസന്നിധിയിൽ ഒരു യാചകനേപ്പോലെ ആരും യാചിക്കേണ്ടതായ വലിയ ആവശ്യം ഇല്ല. എങ്കിലും പിതാവിനോടുള്ള സംസർഗ്ഗം കാത്തു സൂക്ഷിക്കുവാൻ മക്കൾ എന്ന നിലയിൽ ചോദിക്കുവാനും കരയുവാനും ഉള്ളതായ അവകാശം ഒരു ദൈവപൈതലിന് ലഭിച്ചിട്ടുള്ള വരദാനമാണ്. എല്ലാറ്റിലും ഉപരി ഒരു ദൈവപൈതൽ ക്രിസ്തുവിൽ വസിച്ചുകൊണ്ട് ജീവിതയാത്രാ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള തീർത്ഥാടനമാക്കി രൂപാന്തരപ്പെടുത്തുന്നു. ധന്യമായ ജീവിതമെന്നത് ക്രിസ്തുവിനോട് ചേർന്നുള്ള പങ്കാളിത്തമാണ്. ദൈവത്തോടും, കുടുംബത്തോടും, ആനുകാലിക സമൂഹത്തോടും ഉള്ളതായ ബന്ധം ക്രിസ്തുവിനോടുള്ള പങ്കാളിത്തത്തിൽ അധിഷ്ഠിതരാണ് .

താൻ നൽകിയ പുതിയ വസ്ത്രം ധരിക്കാതെ, മുഷിഞ്ഞ വസ്ത്രം തന്നെ ധരിച്ചുകൊണ്ട് നേരിൽക്കാണുവാൻ സാധിച്ച പരിചയമുള്ള യാചകനോട് താൻ എന്തുകൊണ്ടാണ് നല്ല വസ്ത്രം ധരിക്കാത്തത് എന്ന് ചോദിച്ചപ്പോൾ "തിരുമേനി അത് ധരിച്ചുകൊണ്ട് നടന്നാൽ ഒരുത്തനും ഒരു ചില്ലിക്കാശുപോലും തരികില്ലാ"യെന്ന് മറുപടി പറഞ്ഞതായി വന്ദ്യനായ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ പറഞ്ഞതായി ഓർക്കുന്നു. നോമ്പിന്റെ ദിനങ്ങൾ പഴയ വസ്ത്രങ്ങൾ മാറി പുതുമയുള്ള വസ്ത്രം ധരിക്കേണ്ടതായ ധന്യദിനങ്ങളത്രേ. അതിന് സ്വാർത്ഥത കൈവെടിയേണ്ടതാണ്.

**സാദ്ധ്യതകൾ പലപ്പോഴും തിരിച്ചറിയുന്നത് വൈകിമാത്രം:-**

നോമ്പിന്റെ ദിനങ്ങൾ ഉചിതമായ നിലയിൽ കരുതുന്നില്ലായെങ്കിൽ നമ്മുടെ സാദ്ധ്യതകളെ വളരെ വൈകി മാത്രമെ തിരിച്ചറിയുവാനും കഴിയുകയുള്ളു. കൂടുതൽ സൗഭാഗ്യങ്ങൾ ആഗ്രഹിച്ചുകൊണ്ട് ബേത്ലഹേമിൽ നിന്നും മോവാബുദേശത്ത് പരദേശിയായി പാർക്കുവാൻ പോയ എലിമെലേക്കിന്റെ ഭാര്യ നൊവോമി പത്തു സംവത്സരം കഴിഞ്ഞപ്പോഴേക്കും സ്വഭർത്താവും മക്കളും നഷ്ടപ്പെട്ട് തിരികെ ബേത്ലഹേമിൽ വന്നപ്പോഴാണ് ഒരു യാഥാർത്ഥ്യം മനസ്സിലാക്കിയത് "നിറഞ്ഞവളായി ഞാൻ പോയി, ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കിവരുത്തിയിരിക്കുന്നു" (രൂത്ത് 1:21) എന്ന് അയൽക്കാരോട് വിശേഷം പറയുകയാണ് നെവോമി നിറഞ്ഞവളായിരുന്നു എന്ന ബോദ്ധ്യം വന്നത് എല്ലാം ഒഴിഞ്ഞവളായ സമയത്ത് മാത്രമാണ്. എങ്കിലും നിറഞ്ഞ അവസ്ഥയിലും ഒഴിഞ്ഞ അവസ്ഥയിലും അവൾക്ക് ദൈവസാന്നിദ്ധ്യം വലിയ സമ്പത്തു തന്നെയായിരുന്നു. അത് തന്റെ മരുമക്കളായ രൂത്തിനും കൈമാറുവാൻ സാധിച്ചു.

**സംരക്ഷണത്തിന്റെയും, കരുണയുടെയും, വീണ്ടെടുപ്പിന്റെയും സാന്നിദ്ധ്യത്തിന്റെയും പ്രതീകം:-**

ബോവസിനെ രൂത്തിന്റെ പുസ്തകത്തിൽ ചിത്രീകരിക്കുന്നത് ക്രിസ്തുവിന്റെ പ്രതീകമായി ,ംരക്ഷണവും, കരുണയും, വീണ്ടെടുപ്പും, സാന്നിദ്ധ്യവും നൽകുന്ന ജീവിതത്തിന്റെ ഉടമയായിട്ടാണ്. "യഹോവ നിന്നെ അനുഗ്രഹിക്കട്ടെ, കാലാ പെറുക്കുവാൻ മറ്റൊരു വയലിൽ പോകേണ്ട, കറ്റകളുടെ ഇടയിൽ നിന്നും അവൾ പെറുക്കിക്കൊള്ളട്ടെ, നീ ഉത്തമസ്ത്രീയാണ്, ഞാൻ നിന്റെ വീണ്ടെടുപ്പുകാരനാകുന്നു - സത്യം," ആദിയായ വാക്കുകൾ എല്ലാം ബോവസിന്റെ വ്യക്തിത്വം പ്രതിഫലിപ്പിക്കുകയാണ്.

ദൈവത്തിന്റെ കരുണ അനുഭവവേദ്യമാക്കുവാൻ ധാർമ്മിക മൂല്യമുള്ളതും ആന്തരിക ജീവൻ നിലനിൽക്കുന്നതുമായ നടപടികളുമായി നോമ്പിന്റെ ദിവസങ്ങൾ അനുഷ്ഠിക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ, തിരിച്ചറിവിന്റെ വിശുദ്ധ ദിനങ്ങളായി രൂപാന്തരപ്പെടട്ടെ.

❍

# കുമ്പസാരത്തിന്റെ മറുപുറങ്ങളിലൂടെ

ഫാ. ഡോ. തോംസൺ റോബി (ബസേലിയോസ് കോളേജ്, കോട്ടയം)

മനുഷ്യ ജീവിതം സങ്കീർണ്ണമാണ്. പല തരത്തിലുള്ള നെടുവീർപ്പുകളും ഭാരങ്ങളും മനുഷ്യമനസ്സിനെ മഥിക്കുകയാണ്. ശാന്തതയുള്ള ജീവിതം നയിക്കുവാനായി അവൻ പല മാർഗ്ഗങ്ങൾ അവലംബിക്കുന്നു. ഇവിടെ വേദനിക്കുന്ന മനസ്സിന് സാന്ത്വനമായി, തലോടലായി മാറുവാൻ സഭ നിഷ്കർഷിക്കുന്ന കൂദാശയാണ് കുമ്പസാരം. ക്രിസ്തീയ സഭയുടെ അംഗങ്ങളായവർ സ്വീകരിക്കേണ്ട പ്രധാനപ്പെട്ട കൂദാശയാണ് ഇത്. "കുമ്പസാരം എന്നാൽ ഒരു കൂദാശയും, അനുതപിക്കുന്ന വ്യക്തി തന്റെ ക്രിസ്തുവിന്റെ പ്രതിനിധിയായ പട്ടക്കാരന്റെ മുമ്പാകെ ഏറ്റുപറഞ്ഞ് ദൈവകൃപയാൽ പാപമോചനം നേടുന്ന പ്രക്രിയയാണ്" ഈ കൂദാശയുടെ രണ്ട് പ്രധാനപ്പെട്ട ഘടകങ്ങളാണ് അനുതാപവും (repentance) പാപമോചനവും (remission of sins). ഇതുവഴി അനുതാപി തന്റെ കുറവുകളെ അംഗീകരിക്കുകയും, പാപമോചനം നേടുകയും ദൈവത്തോട് നിരപ്പാകുകയും ചെയ്യുന്നു. ദൈവനിയമത്തിന് വിധേയമായിത്തീരുന്നു.

'പാപം" എന്നത് ദൈവഹിതത്തിനെതിരായ പ്രവർത്തനമാണ് (sin is disobedience to God's will). പാപം മനുഷ്യനെ ദൈവത്തിൽ നിന്നും സഹോദരന്മാരിൽ നിന്നും അകറ്റുന്നു. ആത്മിക മരണത്തിലേക്ക് നയിക്കുന്നു. "പാപത്തിന്റെ ശമ്പളം മരണമത്രേ" Rom. 6:23). "Hamartia" എന്ന ഗ്രീക്ക് പദമാണ് 'Sin' എന്നതിന് ഉപയോഗിക്കുന്നത്. ഇതിന്റെ അർത്ഥം "Missing the mark" എന്നാണ്. പാപം മൂലം ദൈവം മനുഷ്യന് നൽകിയ പൂർണ്ണതയുടെ അപൂർണ്ണത സംഭവിക്കുന്നു (Mt. 5:48; Rom. 3:23). അനുതപിക്കുക അഥവാ പശ്ചാത്തപിക്കുക എന്നു പറഞ്ഞാൽ മനസ്സിനും, ചിന്തയ്ക്കും, സമീപനത്തിനും, വികാരങ്ങളിലും ഉണ്ടാകുന്ന പരിപൂർണ്ണ മാറ്റമാണ്. താൻ പാപം ചെയ്തു എന്ന് അംഗീകരിക്കുകയും അതിൽ നിന്ന് മാറുവാൻ ഉള്ള സമ്മതവുമാണ്. "അനുതാപി (penient) തകർന്ന ഹൃദയത്തോടെ തന്റെ പാപങ്ങളെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് പാപത്തിൽ നിന്ന് വിമുക്തി നേടണം" എന്നതാണ് (Confession is for the deliverance of Sinners from the dondage of Sins) കുമ്പസാരം കൊണ്ട് അർത്ഥമാക്കുന്നത്.

കുമ്പസാരിക്കുന്ന വ്യക്തി പ്രധാനമായും മൂന്ന് കാര്യങ്ങൾ കുമ്പസാരത്തിന് മുമ്പ് ഓർത്തിരിക്കുകയും അനുവർത്തിക്കുകയും ചെയ്യണം. 1. സ്വയം പരിശോധന (retrospection) 2. അനുതപിക്കുക (repertance) 3. ഉറച്ച തീരുമാനം എടുക്കുക (resolution - a firm decision). ഈ മൂന്നു പടികൾ കുമ്പസാരത്തിനുള്ള ഒരുക്കത്തിന്റെ ഭാഗമാണ്.

**a) സ്വയം പരിശോധന (Self Evaluation) :-** മനുഷ്യന്റെ വലിയ കുറവാണ് 'സ്വയം അറിയുവാൻ' കഴിയില്ല എന്നത്. മറ്റുള്ളവരിലേക്ക് നോക്കാൻ കഴിയുമ്പോൾ തന്റെ കുറവുകളെ വിസ്മരിക്കുക എന്നത് മനുഷ്യസഹജമാണ്. 'to know thyself' സ്വയം അറിയുക എന്നതാണ് കുമ്പസാരത്തിൽകൂടി ചെയ്യുന്നത്. പാപം എന്നത് 3 വിധമാകാം. a) Sins aganist God (ദൈവത്തിനെതിരെയുള്ള



പാപം) b) Sins aganist others (മറ്റുള്ളവരോട് ചെയ്ത പാപം) c) Sins against youself (അവനവനോടു തന്നെ ചെയ്യുന്ന പാപം). ഈ പാപങ്ങൾ മനുഷ്യനെ ദൈവത്തിൽ നിന്നും തന്നിൽ നിന്നു തന്നെയും അകറ്റുന്നു. കുമ്പസാരത്തിൽ സ്വയം പരിശോധിച്ച് താൻ ദൈവത്തോടും, മനുഷ്യനോടും, തന്നോടു തന്നെയും ചെയ്ത കുറവുകൾ കണ്ടെത്തുവാൻ കഴിയണം. ഈ പ്രക്രിയ നടക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴിയാണ്. വി. കുമ്പസാരത്തിനു മുമ്പുള്ള ഈ കണ്ടെത്തൽ (examining yourself before confession) ഹൃദയം തുറന്നുള്ള കുമ്പസാരത്തിലേക്ക് നയിക്കും.

**b) അനുതപിക്കുക (Repertance) :–** "അനുതപിക്കുക" എന്നതിന് ഗ്രീക്ക് വാക്ക് "Metanoia" എന്നാണ് ഇതിന്റെ അർത്ഥം. (Meta = Change, Noia = Mind) 'Change of mind' എന്നാണ്. Hebrew–വിൽ 'Shub' means "retracing one's step back to right." ഇവിടെയെല്ലാം കാണുന്ന അർത്ഥം മനുഷ്യന്റെ വികാര, വിചാര ചിന്തയിൽ ഉള്ള മാറ്റമാണ്. അനുതപിക്കുക വ്യക്തി പൂർണ്ണമായും തന്റെ കുറവുകളെ കണ്ടെത്തി ദൈവമുമ്പാകെ സമർപ്പിക്കണം. വി. ലൂക്കോസ് 15:11–32 വരെയുള്ള ഉപമയിൽ കർത്താവ് പറയുന്ന "നഷ്ടപ്പെട്ടുപോയ മകന്റെ" ഉപമയിൽ ധൂർത്ത പുത്രൻ പറയുന്നു "അപ്പാ, ഞാൻ സ്വർഗ്ഗത്തോടും, നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ പുത്രൻ എന്നു വിളിക്കാൻ ഞാൻ യോഗ്യനല്ല" ഇതാണ് അനുതാപം. വലതുഭാഗത്തെ കള്ളന്റെ അനുതാപവും, സക്കായിയുടെ അനുതാപവും ഇവിടെ അർത്ഥവത്താണ്. 'മനസ്സിന്റെ മാറ്റം' കുമ്പസാരത്തിന്റെ ചിന്തയിൽ പ്രധാനപ്പെട്ടതാണ്.

**c) ഉറച്ച തീരുമാനം (Resolution) :–** സ്വയം പരിശോധന നടത്തി, അനുതപിച്ച് ഇനി പാപം ചെയ്യുകയില്ല എന്ന തീരുമാനം കുമ്പസാരത്തിന്റെ പ്രധാന ചിന്തകളിൽ ഒന്നാണ്. വന്ന വഴിയിൽ നിന്നും വേറിട്ട് ഒരു പാതയിൽകൂടി സഞ്ചരിക്കുവാനുള്ള തീരുമാനം ഉണ്ടാകണം. ഇത് അനുതാപിയുടെ മനസ്സിന്റെ പക്വതയും പ്രാപ്തിയും അടിസ്ഥാനമാക്കിയാണ്. ധൂർത്തപുത്രന്റെയും സക്കായിയുടെയും ചിത്രത്തിൽ നാം ഈ രണ്ടു വ്യക്തികളും കുമ്പസാരത്തിന്റെ 3 പടികളും തേടുന്നതായി കാണുന്നു. ധൂർത്ത പുത്രൻ തന്നിലേക്കു നോക്കി തന്റെ തെറ്റ് കണ്ടെത്തി അനുതപിച്ച് ഉറച്ചതീരുമാനത്തോടെയാണ് പിതാവിന്റെ അടുക്കലേക്ക് പോകുന്നത്. സക്കായിയുടെ (വി. ലൂക്കോസ് 19:1–10) ഉപമയിൽ അവൻ തന്റെ 'ഉയരക്കുറവ്' എന്ന കുറവിനെ തിരിച്ചറിഞ്ഞ് കർത്താവിനെ കാണുവാൻ ആഗ്രഹിച്ചു. പക്ഷേ കർത്താവ് അവനെ കണ്ട് വിളിച്ചു. അവൻ കർത്താവിനെ കണ്ടപ്പോൾ അനുതപിച്ച് ഉറച്ച തീരുമാനത്തോടെ പറയുന്നത് "കർത്താവേ എന്റെ വസ്തു വകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്. വല്ലതും പതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലുമടങ്ങ് മടക്കിക്കൊടുക്കുന്നു എന്നാണ് (V: 8). ഇതാണ് കുമ്പസാരം. അവന് പാപമോചനം ലഭിച്ചു. "ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ വീട്ടിന് രക്ഷ വന്നു' എന്ന് കർത്താവ് അവനോടു പറഞ്ഞു!

ഇങ്ങനെ സ്വയം പരിശോധിച്ച്, അനുതപിച്ച് ഉറച്ച തീരുമാനത്തോടെ വേണം കുമ്പസാരത്തിന് ചെല്ലേണ്ടത്. ഏറ്റു പറഞ്ഞ്, പാപമോചനം നേടി വി. കുർബ്ബാന അനുഭവിക്കണം. ഇതാണ് സഭയുടെ കാഴ്ചപ്പാട്. ഇന്ന് പലപ്പോഴും ഈ അർത്ഥം ഗ്രഹിക്കാതെ ആണ്ടുകുമ്പസാരം (പൊതുയോഗത്തിൽ ഇരിക്കുവാനുള്ളതിനാൽ) നടത്തി പിരിയുന്ന പ്രവണതയാണ് കുമ്പസാരത്തിന്റെ പ്രസക്തി നഷ്ടപ്പെടുത്തിയത്.

എന്തിനാണ് പട്ടക്കാരന്റെ മുമ്പാകെ കുമ്പസാരിക്കുന്നത് (Why confess before a priest) കുമ്പസാരത്തിനുള്ള ഒരുക്കം പ്രധാനപ്പെട്ടതാണ്. ഈ ഒരുക്കങ്ങൾ നടത്തിയശേഷം വേണം കുമ്പസാരത്തിന് ഒരുങ്ങേണ്ടത്. ഇവിടെ ഉണ്ടാകാൻ സാധ്യതയുള്ള ഒരു ചോദ്യമാണ്. "പട്ടക്കാരന്റെ മുമ്പാകെ കുമ്പസാരിക്കണോ?" എന്നത്. വേദപഠനം പഠിപ്പിക്കുന്നത് കർത്താവിന്റെ ശിഷ്യന്മാർക്ക് അവൻ സകലത്തിനും അധികാരം നല്കി എന്നാണ്. ആ പിൻതുടർച്ചയാണ് നാം വൈദികശ്രേണിയിൽ കാണുന്നത്.

'പട്ടക്കാരൻ' എന്നത് ദൈവത്തിന്റെ പ്രതിനിധിയായി തലമുറ കൈമാറി വരുന്ന പാരമ്പര്യത്തിന്റെയും സഭാ വിശ്വാസത്തിന്റെയും കാതലായ അംശമാണ്. ഉയർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറയുന്നു "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു" (Jn. 20:23; Mt. 18:18; Mt. 16:19). ഇവിടെ അർത്ഥശങ്കയ്ക്ക് ഇടമില്ലാതെ ശിഷ്യസമൂഹത്തിന് പാപങ്ങൾ മോചിക്കാൻ അധികാരം നൽകുന്നു. ഈ അനുഗ്രഹം apostolic Succession വഴി ഇന്നും പുരോഹിതന്മാരിലൂടെ തുടരുകയാണ്. പുരോഹിതന്റെ മുമ്പാകെ നാം കുമ്പസാരിക്കുമ്പോൾ ഈ ദൈവവാക്ക് നാം അനുസരിക്കുകയാണ്. "The priest, who serves as a connecting link between God and the penitent, reveals God's presence as His mouthpiece and a channel of bestowing His grace."

കുമ്പസാരം പാപമോചനം എന്നതുപോലെ തന്നെ മറ്റ് പല അർത്ഥതലങ്ങൾ ഉണ്ട്. കുമ്പസാരം മനുഷ്യന്റെ വേദന, പ്രയാസങ്ങൾ, ദുഃഖങ്ങൾ ദൈവസന്നിധിയിൽ പകരുന്ന അനുഭവമാണ്. (So the time of confession is a Spiritual sharing too). കുമ്പസാരത്തിൽ കൂടി മനുഷ്യ മനസ്സിനെ മഥിക്കുന്ന സങ്കടങ്ങളെ, ഭാരങ്ങളെ ദൈവസന്നിധിയിൽ പക

രുകയാണ്. ഈ അവസ്ഥയിൽ അവന് സാന്ത്വനമേകാൻ പുരോഹിതന്റെ സാന്നിദ്ധ്യം (പുരോഹിതന്റെ ആത്മിക സാന്നിദ്ധ്യവും ഉദ്ദേശവും) ആവശ്യമാണ്. (So by this penitent can get spiritual guidence and Pastoral care from the priest according to the needs of an individual) അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ പ്രയാസങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്ന പുരോഹിതന്റെ ആവശ്യകത എത്ര അധികമാണ് (the priest is enabled to pray effectively for the penitent).

1 യോഹ. 1:9-ൽ പറയുന്നത് “നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. പാപമോചനത്തിനായി പാപങ്ങളെ ഏറ്റുപറയുക എന്നത് വിശ്വാസിയുടെ കടമയാണ്. ആദിമകാലം മുതൽ തന്നെ ദൈവകൃപ ഇടയന്മാരുടെ മേലുണ്ടാവുകയും ആടുകളെ നടത്തുവാനുള്ള കഴിവും അധികാരവും അവർക്ക് നൽകുകയും ചെയ്തിരുന്നു. St. John Chrysostom പറയുന്നത് “പുരോഹിതൻ താഴെ നിയമം ഉണ്ടാക്കുകയും നടത്തുകയും ചെയ്യും. ദൈവം മുകളിൽ നിന്ന് അതിനെ അംഗീകരിക്കുകയും ചെയ്യും” എന്നാണ് (The priests decree below, God confirms above). രാജാവായ ദാവീദ് നാഥാന്റെ അടുക്കൽ കുമ്പസാരിക്കുന്നതും (2 Samuel 11: 1; 12:13) ആഖാൻ യോശുവയോടു കുമ്പസാരിക്കുന്നതും (Joshua 7:16-20) ബൈബിളിൽ നാം കാണുന്നു. മാലാഖി 2:7,8 ൽ നാം കാണുന്നു ''പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ അവന്റെ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചു വെയ്ക്കേണ്ടതും ഉപദേശം അവനോട് ചോദിച്ച് പഠിക്കേണ്ടതും അല്ലോ. നിങ്ങളോ വഴി വിട്ടുമാറി പലരേയും ഉപദേശത്താൽ ഇടറുമാറാക്കി ലേവിയുടെ നിയമം നശിപ്പിച്ചിരിക്കുന്നു.” ഇവിടെ പുരോഹിതൻ പരിജ്ഞാനമുള്ളവനും, ഉപദേശം കൊടുക്കേണ്ടവനും ആകുന്നു. ലേവി ഗൃഹത്തെ പുരോഹിതരായി തിരഞ്ഞെടുത്തത് ഈ ജ്ഞാനം നൽകാനും, അവർക്കുവേണ്ടി ഉപദേശം നൽകാനും ആണ്. (ലേവിയാണ് പുരോഹിത വർഗ്ഗം - അവരെ ജനങ്ങളുടെ സകല ആവശ്യങ്ങളും നിറവേറ്റാൻ വിളിക്കപ്പെട്ടവരാണ്). ലേവിയുടെ ഉപദേശവും (പുരോഹിതർ) നിയമവും നശിപ്പിക്കാൻ പാടില്ല എന്ന് കർത്താവ് മാലാഖി പ്രവാചകനിലൂടെ പറയുന്നു. ഇതിന്റെ പിൻതുടർച്ചയാണ് പുതിയ നിയമത്തിൽ നാം കാണുന്നത്. അതുകൊണ്ട് പുരോഹിതരുടെ ഉപദേശവും, പരിജ്ഞാനവും, പാപമോചന അധികാരവും തിരുവെഴുത്തിന്റെ ആധികാരികതയാണ്. അതിനെ ചോദ്യം ചെയ്യുന്നത് അജ്ഞരും അറിവില്ലാത്തവരുമാണ്.

അതുകൊണ്ട് കുമ്പസാരിക്കുന്ന വ്യക്തി സ്വയം പരിശോധിച്ച് പ്രാർത്ഥിച്ച് അനുതപിക്കണം. പട്ടക്കാരന്റെ മുമ്പാകെ പാപം ഏറ്റുപറയുന്നു എങ്കിലും ദൈവത്തോട് തന്നെയാണ് പാപം ഏറ്റു പറയുന്നത്. ക്രിസ്തു ശിഷ്യന്മാർക്ക് നൽകിയ പാപമോചനാധികാരത്തിലൂടെ പുരോഹിതൻ ദൈവനാമത്തിൽ പരിഹാരം നൽകുന്നു. തുടർന്ന് പട്ടക്കാരൻ നൽകുന്ന പ്രായശ്ചിത്തങ്ങൾ ചെയ്ത് സമാധാനത്തോടെ മടങ്ങിപ്പോകാം. ചിലർ കുമ്പസാരത്തെ ‘കൗൺസലിംഗ്’ എന്നു തെറ്റിദ്ധരിക്കാറുണ്ട്. കുമ്പസാരം എന്നത് കൂദാശയും പാപമോചനം നൽകുന്ന സ്വർഗ്ഗീയ അനുഭവവുമാണ്. എന്നാൽ കൗൺസലിംഗ് എന്നത് മനുഷ്യന്റെ പ്രയാസങ്ങൾക്കുള്ള ചില sharing ഉം നിർദ്ദേശങ്ങളുമാണ്. എല്ലാ കൗൺസലിംഗുകളും കുമ്പസാരമല്ല. എന്നാൽ കൗൺസലിംഗ് കുമ്പസാരത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ‘കൗൺസലിംഗ്’ എന്നത് കുമ്പസാരത്തിന്റെ ഭാഗമായി കണ്ടാൽ മതിയാകും.

മനുഷ്യന്റെ പ്രശ്നസങ്കീർണ്ണമായ യാത്രയിൽ അവന് സാന്ത്വനത്തിന്റെ ആശ്വാസമായി തീരാൻ കുമ്പസാരത്തിലൂടെ കഴിയണം. തന്റെ കുറവുകളെ കണ്ടെത്തി, അതിൽ നിന്നുള്ള മോചനം യാചിക്കുകയും ചെയ്യണം. അത് അനുതപിക്കണം, പാപങ്ങളിൽ നിന്നുള്ള വിടുതൽ വേണം, ഇതിനുള്ള ദൈവീകമാർഗ്ഗമാണ് “കുമ്പസാര കൂദാശ”. കൂദാശ എന്നത് അപ്രത്യക്ഷങ്ങളായ ദൈവകൃപകളുടെ പ്രത്യക്ഷങ്ങളാണ് കർമ്മങ്ങളാണ്. ആ ദൈവിക കൃപയുടെ ആവാസം ലഭിക്കുവാൻ കുമ്പസാര കൂദാശയിൽ കൂടി കഴിയും. പാപങ്ങളെ അറിഞ്ഞ്, മാനസാന്തരപ്പെട്ട്, പുരോഹിതന്റെ മുമ്പിൽ ഏറ്റു പറഞ്ഞ് പാപമോചനം നേടുവാൻ കുമ്പസാരത്തിലൂടെ കഴിയുന്നു. ക്രിസ്തുവിനെ കണ്ട് അനുതാപത്തിലേക്ക് തിരിഞ്ഞ സക്കായി (Lk. 19:1-10) യും മനം തിരിഞ്ഞു വന്ന പുത്രന്റെ ഉപമയിലും (Lk. 15:11-32) നാം കാണുന്നത് കുമ്പസാരത്തിന്റെ ചിന്തയാണ്. അവർ രണ്ടുപേരും സ്വയം പരിശോധന നടത്തി, അനുതപിച്ച്, പാപം ഏറ്റുപറഞ്ഞ്, പാപമോചനം നേടിയവരാണ്. ഇതാണ് കുമ്പസാരത്തിന്റെ അർത്ഥവും ചിന്തയും. ഈ പ്രക്രിയയിൽ കൂടി കടന്നുപോകുന്നവർക്ക് ഉറപ്പായും മാനസാന്തരം ലഭിക്കും. ഈ രീതി അവലംബിക്കുവാൻ സത്യ കുമ്പസാരം നേടുന്നവർക്ക് കഴിയണം. വസ്ത്രങ്ങളെയല്ല, ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിവീൻ, അവൻ കൃപയും, കരുണയും, ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ” (യോവേൽ 2:13). ദൈവം നമ്മോട് സംസാരിക്കുന്ന അനുഭവമായി തീരട്ടെ നമ്മുടെ കുമ്പസാരവും പ്രാർത്ഥനയും.



# നീതിമാന്മാരുടെ ഭവനമോ നിലനിൽക്കും

**ഫാ. മാത്യു വറുഗീസ് പുളിമൂട്ടിൽ**

ലേഖനം

കുടുംബ ബന്ധങ്ങൾ തകർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ജീവിക്കുന്നവരാണ് നാം. പാശ്ചാത്യ സംസ്കാരത്തിന്റെ സമ്മർദ്ദഫലമായി ഭാരതത്തിനു തനതായുണ്ടായിരുന്ന കുടുംബത്തിന്റെ പരിപാവനത നഷ്ടമായിക്കൊണ്ടിരിക്കുന്നതായി നമ്മുടെ രാഷ്ട്രപതിയായിരുന്ന ഡോ. രാധാകൃഷ്ണൻ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. മുമ്പത്തേയുംകാൾ അധികം വിവാഹമോചനം ഇന്നു നടക്കുന്നുണ്ട്. വിവാഹത്തിനു പുറത്തുള്ള സ്ത്രീപുരുഷബന്ധം അത്ര വലിയ തെറ്റൊന്നുമല്ല എന്ന് ചിന്തിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. വിവാഹം കൂടാതെ തന്നെ ഒരുമിച്ചു ജീവിക്കുന്ന ആളുകളുടെ എണ്ണവും കൂടി വരികയാണ്. വിവാഹത്തിന്റെ പരിപാവനതയും കെട്ടുറപ്പും ബലഹീനമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെയൊക്കെ പരിണിതഫലമായി ലൈംഗിക അരാജകത്വം അരങ്ങേറുന്നു. എയ്ഡ്സ് മുതലായ മാരകരോഗങ്ങൾ സമൂഹത്തെ കാർന്നു തിന്നുന്നു.

നമ്മുടെ സംസ്ക്കാരത്തിൽ ഒരു വലിയ വ്യതിയാനം വന്നു കഴിഞ്ഞു. ലാളിത്യത്തിന്റെ സംസ്ക്കാരത്തിൽ നിന്ന് പ്രൗഢിയുടെയും ആഡംബരത്തിന്റേയും ഒരു സംസ്ക്കാരത്തിലേക്കുള്ള വ്യതിയാനം. ആദ്ധ്യാത്മിക സംസ്ക്കാരത്തിൽ നിന്നും ഭൗതിക ആഡംബര സംസ്ക്കാരത്തിലേക്കുള്ള മാറ്റം. ആഗോളവൽക്കരണവും ഉപഭോഗ സംസ്ക്കാരവും വളർന്നു വരുന്നതിന്റെ ഫലമായി നമ്മുടെ മൂല്യങ്ങൾ തകർന്നടിഞ്ഞു കൊണ്ടിരിക്കുന്നു. ഈ അധഃപതനത്തിൽ നിന്നും സഭയേയും, രാഷ്ട്രത്തേയും കരകയറ്റുവാൻ കുടുംബത്തിന്റെ ഭദ്രതയും നിലനിൽപ്പും കെട്ടുറപ്പുള്ളതാക്കിയെങ്കിൽ മാത്രമേ സാധ്യമാകൂ. മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിൽ മൂല്യത്തിനു വിലകൽപ്പിക്കുന്ന കുടും

ബങ്ങൾ ഉണ്ടാകണം.

***നിലനിൽക്കുന്ന ഭവനം***

"നീതിമാന്റെ ഭവനമോ നിലനിൽക്കും." ധനവാന്റെ ഭവനമോ, ബുദ്ധിമാന്റെ ഭവനമോ, ഹൈടെക് ഭവനമോ ഒന്നുമല്ല നിലനിൽക്കുന്നത്. നീതിമാന്റെ ഭവനം കെട്ടുറപ്പുള്ളതായിരിക്കുമെന്ന് ദൈവവചനം പഠിപ്പിക്കുന്നു. "നീതിമാന്റെ സന്തതി അപ്പം യാചിക്കുന്നതു ഞാൻ കണ്ടിട്ടില്ല" മക്കളുടെ ഭാവിക്കുവേണ്ടി കരുതുന്നതിൽ എല്ലാവരും തൽപ്പരരാണ്. എന്നാൽ അത് നീതിയുടെ മാർഗ്ഗത്തിൽ കൂടിയായിരിക്കണം. അല്ലാതെ ഏതു മാർഗ്ഗത്തിലും പണം സമ്പാദിക്കുകയും സമ്പത്തു വർദ്ധിപ്പിക്കുകയും ചെയ്താൽ അത് നിലനിൽക്കുകയില്ല. "മനുഷ്യൻ ധനം സമ്പാദിക്കുന്നു. ആർ അനുഭവിക്കും എന്നറിയുന്നില്ല" എന്നു സങ്കീർത്തനക്കാരൻ പറയുന്നു, വാക്കുകളിലും പ്രവർത്തനങ്ങളിലും ഇടപാടുകളിലും തികഞ്ഞ വിശ്വസ്തതയും സത്യസന്ധതയും പുലർത്തുകയും, ഭവനങ്ങളിലുള്ളവരും മറ്റുള്ളവരും അത് മനസ്സിലാക്കുകയും ചെയ്യണം.

***ലാളിത്യവും സംതൃപ്തിയുമുള്ള ഭവനം***

ലാളിത്യവും സംതൃപ്തിയും മുഖമുദ്രയായുള്ള ഭവനം നിലനിൽക്കുന്ന ഭവനമാണ്. ഉല്പത്തിപുസ്തകം 18-ാം അദ്ധ്യായത്തിൽ അബ്രഹാമിന്റെ ഭവനത്തെ സംബന്ധിച്ച് മനോഹരമായ ഒരു വിവരണം നൽകുന്നു.

മെമ്രയുടെ തോപ്പിൽ കൂടാരം അടിച്ചു പാർക്കുന്ന അബ്രഹാമിന്റെ കൂടാരത്തിൽ മൂന്നു പുരുഷന്മാർ സന്ദർശനത്തിനെത്തി. അബ്രഹാം അവരെ ആദരപൂർവ്വം സ്വീകരിച്ചു സൽക്കരിക്കുന്നു. സാറാ ആത്മാർത്ഥമായി പരിചരിക്കുന്നു. അവർ ദൈവദൂതന്മാരാണെന്നു മനസ്സിലാക്കാതെ തന്നെ ദൈവദൂതന്മാരെപ്പോലെ അവരെ സ്വീകരിച്ചു സൽക്കരിച്ചു. പരിഭവമോ പരാതിയോ ഇല്ലാത്ത ഒരു കുടുംബമായിരുന്നു അതെന്നു സംഭാഷണത്തിൽ നിന്നും വ്യക്തമാണ്. മക്കളില്ലാത്ത ഭവനമാണെങ്കിലും അവർക്കു പരാതിയില്ല. പകരം സംതൃപ്തിയുടെ പ്രതീകമായി നാം ആ ഭവനത്തെ കാണുന്നു. വന്ന ദൈവദൂതന്മാർക്ക് അവരുടെ പേര് അറിയാമായിരുന്നു. "അവൻ നമ്മെ പേരു ചൊല്ലി വിളിക്കുന്നു" നമ്മെ വ്യക്തിപരമായി അറിയാവുന്നവനാണ് ദൈവം എന്നു നാം അറിഞ്ഞാൽ പിന്നെ ഭവനത്തിൽ പരാതിയോ പരിഭവമോ ഉണ്ടാകില്ല. സംതൃപ്തി മാത്രം.

കുടുംബങ്ങളിൽ ലളിത ജീവിതം പരിശീലിക്കുകയും പരിചയിപ്പിക്കുകയും ചെയ്യേണ്ടത് ഒരാവശ്യം മാത്രമാണ്. ഉള്ളതിൽ അലംഭാവവും സംതൃപ്തിയും കുടുംബത്തിന്റെ മുഖമുദ്രയാകണം. ഇക്കാര്യം നമ്മുടെ കുഞ്ഞുങ്ങൾ അറിയുകയും ആ അന്തരീക്ഷത്തിൽ അവർ വളർത്തപ്പെടുകയും ചെയ്താൽ ഒരു കുടുംബം നിലനിൽക്കും. അങ്ങനെയുള്ള കുടുംബങ്ങളുടെ ആവശ്യങ്ങളും ദൈവത്തിനറിയാം. അബ്രഹാമിന് മക്കൾ ഇല്ല എന്നും അവരുടെ ആഗ്രഹം എന്താണെന്നും ദൈവത്തിനറിയാമായിരുന്നു. നമ്മുടെ ആവശ്യങ്ങളിൽ തുണനിൽക്കുവാൻ കഴിയുന്നവനാണ് ദൈവം എന്നുള്ള വിശ്വാസം സംതൃപ്തിയുള്ള ഒരു കുടുംബജീവിതത്തിന് നമ്മെ പ്രേരിപ്പിക്കുന്നു.

***പ്രാർത്ഥനയും ആരാധനയും***

പ്രാർത്ഥനയും ആരാധനയും ഉള്ള ഭവനം നിലനിൽക്കും. ശൂനേംകാരി സ്ത്രീയുടെ ഭവനം ഇതിനുദാഹരണമാണ്. 2 രാജാ. 4:8 മുതലുള്ള വാക്യങ്ങളിൽ ഈ വിവരണം നാം കാണുന്നുണ്ട്. അവൾ ധനികയായിരുന്നു. അതുവഴി വന്ന ഏലീശാ പ്രവാചകനെ ആ ഭവനത്തിലേക്ക് സ്വാഗതം ചെയ്യുക മാത്രമല്ല അവനായി ഒരു മാളികമുറി പണിയുകയും ചെയ്തു. അതിൽ അവന് ഒരു കട്ടിലും ഒരു മേശയും ഒരു നിലവിളക്കും കരുതി. പ്രവാചകൻ അവിടെ കയറുകയും താമസിക്കുകയും ചെയ്തു. ശൂനേംകാരി സ്ത്രീയോട് നിനക്കെന്ത് ആവശ്യമുണ്ടെന്ന് പ്രവാചകൻ അന്വേഷിച്ചു. എന്നാൽ അവൾ പറഞ്ഞ മറുപടി വളരെ ശ്രദ്ധേയമാണ്. "ഞാൻ സ്വജനത്തിന്റെ മദ്ധ്യേ വസിക്കുന്നു" എന്നാണ്. മകനില്ല എങ്കിലും ഞാൻ സംതൃപ്തയാണ് എന്നാണവൾ പറഞ്ഞതിന്റെ അർത്ഥം. എന്നാൽ അവളുടെ മകൻ പിന്നീട് രോഗിയായി മരിച്ചു. അവൾ പരിഭ്രമ ചിത്തയാകാതെ തന്റെ മകന്റെ ജഡം പ്രവാചകന്റെ മുറിയിലുള്ള കട്ടിലിൽ കിടത്തിയ ശേഷം പ്രവാചകന്റെ അടുക്കലേക്ക് ഓടി. തന്റെ പ്രശ്നങ്ങൾ ഇറക്കിവയ്ക്കുവാനുള്ള ഒരു കട്ടിൽ അവിടെ ഉണ്ടായിരുന്നു. ഒരു പ്രാർത്ഥനാ മുറി. തന്റെ ഭാരങ്ങളും പ്രയാസങ്ങളും ഇറക്കി വയ്ക്കുവാനുള്ള ഒരു സ്ഥലം അവളുടെ ഭവനത്തിൽ ഒരുക്കിയിരുന്നു. ഒരു യഹൂദാ റബ്ബി ഇപ്രകാരം പ്രസ്താവിക്കുന്നു. ''വൈദ്യനെ ആവശ്യം വരുന്നതിനു മുമ്പുതന്നെ അവനെ ബഹുമാനിക്കുക." നമ്മുടെ ഭവനങ്ങളിൽ പ്രാർത്ഥനയ്ക്കുള്ള നിശ്ചിത സമയവും ഒരു സ്ഥലവും ഉണ്ടായിരിയ്ക്കണം.

ഇന്നത്തെ ബദ്ധപ്പാടുകൾ നിറഞ്ഞ ലോകത്തിൽ പ്രാർത്ഥനയ്ക്കെവിടെ സമയം? കുടുംബപ്രാർത്ഥനകൾ നമ്മുടെ പൈതൃകമായിരുന്നു. എന്നാൽ ഇന്ന് അത് ക്രമാനുഗതമായി കുറഞ്ഞു വരുന്നു. കുടുംബത്തിലുള്ള എല്ലാവരും ദൈവസന്നിധിയിൽ ഒത്തുചേരുകയാണ് കുടുംബപ്രാർത്ഥ

നയുടെ സമയത്ത്. ഇക്കാലത്ത് അത് ഫലപ്രദമായി നടക്കുന്നില്ല. ഭാരങ്ങളും പ്രയാസങ്ങളും എല്ലാം ഇറക്കി വയ്ക്കുന്ന സ്ഥലമാണത്. അങ്ങനെയുള്ള ഭവനത്തിനു നിലനിൽപ്പുണ്ട്.

***യേശുവിനോടുള്ള വിധേയത്വം***

ദൈവത്തോടും മനുഷ്യനോടുമുള്ള സ്നേഹം, നിസ്സഹായരോടും ആലംബഹീനരോടുമുള്ള കരുതൽ കൃപയോടുകൂടിയ സംസാരവും പ്രവർത്തനങ്ങളും എല്ലാവരോടുമുള്ള സഹതാപവും കരുണയും ഇതാണ് യേശുവിനോടുള്ള വിധേയത്വം. ഇവ ക്രിസ്തീയ ഭവനങ്ങളുടെ മുഖമുദ്രയായിരിക്കണം.

ഇങ്ങനെയുള്ള ഭവനങ്ങളിൽ ദൈവത്തിനു പ്രഥമ സ്ഥാനം ഉണ്ടായിരിക്കും. ദൈവഹിതമാണ് അവിടെ നടക്കുന്നത്. പ്രാർത്ഥനയുടെ അന്തരീക്ഷത്തിലായിരിക്കും അവർ ജീവിക്കുന്നത്. മാതാപിതാക്കൾ ആ ഭവനത്തിലെ ആത്മീയ നേതാക്കൾ കൂടെയായിരിക്കും. ദൈവത്തിനു പ്രഥമസ്ഥാനം നൽകി ദൈവഹിതപ്രകാരം ജീവിക്കുന്ന ഒരു ഭവനം ഐശ്വര്യമുള്ള ഭവനമായിരിക്കും.

ദൈവവചനം ആയിരിക്കും ആ ഭവനത്തിലെ പ്രധാന പുസ്തകം. ദൈവവചനത്തോട് ഒരു കാലത്തുണ്ടായിരുന്ന സ്നേഹവും ആദരവും ഇന്നു കുറഞ്ഞുവരുന്നു. നമ്മുടെ കാലുകൾക്ക് ദീപവും പാതയ്ക്കു പ്രകാശവുമായ ദൈവവചനത്തിനനുസൃതമായി മക്കളെ വളർത്തുകയും ദൈവവചനത്തോടുള്ള ആദരവ് അവരിൽ വർദ്ധിപ്പിക്കുയും ചെയ്യണം.

മഹാനായ റോബർട്ട് മോഫാറ്റ് സുവിശേഷവേലയ്ക്കായി പോകുമ്പോൾ അദ്ദേഹത്തിന്റെ അമ്മ പറഞ്ഞു. "ഓരോ ദിവസവും ദൈവത്തോടുകൂടി ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യും എന്നു വാഗ്ദാനം ചെയ്യുക" മകനെക്കൊണ്ട് അങ്ങനെ വാക്കു പറയിച്ചിട്ടാണ് ആ അമ്മ മകനെ ദൂരേക്കയച്ചത്.

ഇങ്ങനെയുള്ള ഭവനങ്ങളെ ദൈവം കരുതും, മാലാഖമാർ സൂക്ഷിക്കുകയും, അയൽക്കാർ സ്നേഹിക്കുകയും ചെയ്യും. ഇങ്ങനെയുള്ള നീതിമാന്റെ ഭവനം നിലനിൽക്കും. നമ്മുടെ ഭവനങ്ങൾ എങ്ങനെ?

ലാളിത്യത്തിന്റെ ഒരു സംസ്ക്കാരം നമ്മുടെ ഭവനങ്ങളിൽ കെട്ടുപണി ചെയ്യണം. അതുപോലെ ത്യാഗത്തിന്റെ ഒരു സംസ്ക്കാരത്തിൽ കുടുംബാംഗങ്ങൾ ജീവിക്കണം. ആത്മാർത്ഥതയുടെ ഒരു സംസ്ക്കാരമായിരിക്കണം നമ്മുടെ ഭവനങ്ങളിൽ ഉണ്ടായിരിക്കേണ്ടത്. ഇത്തരത്തിൽ സംവിധാനം ചെയ്യപ്പെട്ട ഭവനം എന്നേയ്ക്കും നിലനിൽക്കും.

## സമാപന സമ്മേളനം



കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ സണ്ടേസ്കൂളിന്റെ നവതി സമാപന സമ്മേളനം ശ്രീ. ആന്റോ ആന്റണി എം.പി. ഉത്ഘാടനം നിർവ്വഹിക്കുന്നു. ശ്രീ. ബാബു വൈ. (ഹെഡ്മാസ്റ്റർ), അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഫാ. പി.കെ. കോശി, ജി. വർഗ്ഗീസ് ഡയറക്ടർ, ശ്രീ. ബിനോയി, പി. ജോർജ്ജ് ഡി. ഇൻസ്പെക്ടർ എന്നിവർ

## അനുമോദനങ്ങൾ



ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് കർണ്ണാടക സ്റ്റേറ്റ് സെക്കൂർ പ്രസിഡന്റായി സരസ്വതീപുരം ഫോർട്ടിഫീറ്റ് റോഡ്, ഗോൾഡൻ കാസിലിൽ ലഫ്. കേണൽ (റിട്ട.) കെ.സി. ജോർജ്ജ് തെരഞ്ഞെടുക്കപ്പെട്ടു. പന്തളം കുടശ്ശനാട് കരോട്ട് കുടുംബാംഗമായ കെ.സി. ജോർജ്ജ് കർണ്ണാടക പ്രദേശ് കോൺഗ്രസ്സ് കമ്മറ്റി എക്സ്-സർവ്വീസ്മെൻ ഡിപ്പാർട്ട്മെന്റ് ചെയർമാൻ കൂടിയാണ്. കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ അംഗം.





ഭദ്രാസനതല സണ്ടേസ്കൂൾ സഹപാഠ്യ മത്സരത്തിൽ വേദവാക്യത്തിന് 2-ാം സ്ഥാനം ലഭിച്ച ഇവാൻസ് ചാക്കോ മാത്യു, പ്രസംഗത്തിന് 2-ാം സ്ഥാനം ലഭിച്ച എബ്ബേസ് റ്റി. മാത്യു. പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം ഫാ. ബിജു റ്റി. മാത്യുവിന്റെയും മെർലിൻ റ്റി. മാത്യുവിന്റെയും മക്കളാണ്.



ബാലസമാജം കലാമത്സരങ്ങളിൽ ഭദ്രാസന തലത്തിൽ ജൂണിയർ വിഭാഗം സംഗീതത്തിന് ഒന്നാംസ്ഥാനവും, പ്രസംഗത്തിന് രണ്ടാം സ്ഥാനവും ലഭിച്ച ബഥേൽ എം.ജി.എം. സണ്ടേസ്കൂൾ വിദ്യാർത്ഥി ആയ നവീൻ പ്രിൻസ് തോമസ്.

# കുറുക്കുവഴികളിൽ അന്യമാകുന്ന ദൈവം

തുടർച്ച

## ഫാ. പി.വി. ജോൺ

അബ്രഹാമിനെ ദൈവം വിളിച്ചപ്പോൾ തന്റെ ഭാര്യയുടെയും ദാസീദാസന്മാരുടെയും സഹോദരപുത്രനായ ലോത്തിന്റെയും ഭാവിയെക്കുറിച്ചുള്ള ചിന്താ ഭാരത്തിന് അപ്പുറമായ വലിയ ആഗ്രഹങ്ങളൊന്നും അബ്രഹാമിന്റെ മുന്നിൽ ഉണ്ടായിരുന്നില്ല. എന്നാൽ മോശെയുടെ മുൻപിലുള്ള പ്രശ്നങ്ങളാകട്ടെ ഒരു വ്യക്തിക്ക് സ്വന്തമായി പരിഹരിക്കാവുന്നതിനേക്കാൾ വലുതും ഗുരുതരവുമായ സാമൂഹ്യപ്രശ്നങ്ങളായിരുന്നു. വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയ ഒരു വലിയ ജനക്കൂട്ടത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങളുടെയും പ്രശ്നങ്ങളുടെയും മുൻപിലാണ് മോശെ നിൽക്കുന്നത്. യാത്രയിൽ പിന്നീട് നേരിടേണ്ടിവന്ന വലിയ പ്രതിസന്ധികളൊന്നും അന്നു പ്രതീക്ഷിച്ചിരുന്നില്ലെങ്കിൽപോലും ഫറവോന്റെ മുമ്പിലേക്കുള്ള പല പ്രവേശനങ്ങളും ആത്മസംഘർഷത്തിനു വഴി തെളിക്കുന്നവ തന്നെയായിരുന്നു. ഈ ജനക്കൂട്ടത്തെ വിളിച്ചിറക്കിക്കൊണ്ടു പോകുന്നതാകട്ടെ ഫറവോന്റെ അനിഷ്ടം സമ്പാദിച്ചുകൊണ്ടാണ്. എപ്പോൾ വേണമെങ്കിലും ഫറവോന്റെ കോപം കത്തിജ്വലിച്ച് തങ്ങളുടെ മേൽ സംഹാര താണ്ഡവമാടുവാനുള്ള സാദ്ധ്യത തള്ളിക്കളയുവാൻ കഴിയുകയില്ല. ഫറവോൻ താമസമെന്യേ സൈന്യവുമായി പിൻതുടരുന്ന കാഴ്ച പിന്നീട് നാം വായിക്കുന്നുണ്ടല്ലോ. ഫറവോനോട് ഏറ്റുമുട്ടുവാനുള്ള സൈന്യബലം തനിക്കില്ലെന്ന് അറിയാമെങ്കിലും ആ പ്രശ്നത്തിന്റെ മുൻപിൽ മോശെ ചഞ്ചലപ്പെട്ടില്ല. വിളിച്ചവൻ വിശ്വസ്തനാണെന്ന് മോശെയ്ക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ മുക്കിക്കൊല്ലുന്ന യഹോവയുടെ വഴി നടത്തിപ്പിനെപ്പറ്റി പിന്നീട് നാം വായിക്കുമ്പോഴാണ് മോശെയുടെ വിശ്വാസവും ആത്മധൈര്യവും എത്ര വലുതായിരിക്കുന്നുവെന്ന് തിരിച്ചറിയുന്നത്. നമ്മുടെ വ്യക്തി ജീവിതത്തിൽ നാം പലപ്പോഴും ഭാവിയിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളെ പർവ്വതീകരിച്ച് മനസ്സിൽ കാണുകയും ആകുലരും വ്യാകുലരും ആയി ഭവിക്കുകയും ചെയ്യുക സാധാരണമാണ്. വന്നു ഭവിക്കാവുന്ന എല്ലാ പ്രശ്നങ്ങൾക്കും സർവ്വശക്തനായ ദൈവം മതിയായവനാണ് എന്ന് വിശ്വസിക്കുന്ന ഒരുവന് ഭാവിയിൽ കാണുന്ന പ്രശ്നങ്ങൾക്ക് മുമ്പിൽ പകച്ചു നിൽക്കേണ്ടി വരികയില്ലായെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.



മിസ്രയീമിൽ നിന്ന് വിളിച്ചിറക്കിക്കൊണ്ടുവന്ന ജനതതി മോശെയുടെ മനസ്സിന്റെ സ്വസ്ഥത കെടുത്തിക്കളയാൻ മതിയായതാണ്. മിസ്രയീമിൽ നിന്നും പുറപ്പെട്ട ജനത്തിന്റെ സംഖ്യയെക്കുറിച്ച് പുറപ്പാട് പുസ്തകം പറയുന്നത് ശ്രദ്ധിക്കുക: പുറ. 12:37,38 എന്നാൽ യിസ്രായേൽ മക്കൾ കുട്ടികൾ ഒഴികെ ഏകദേശം ആറുലക്ഷം പുരുഷന്മാർ കാൽനടയായി റമസേസിൽ നിന്ന് സുക്കോത്തിലേക്കു യാത്ര പുറപ്പെട്ടു. വലിയോരു സമ്മിശ്ര പുരുഷാരവും ആടുകളും കന്നുകാലികളുമായി അനവധി മൃഗങ്ങളും അവരോടു കൂടെ പോന്നു. ഒരു വേദശാസ്ത്രജ്ഞന്റെ കണക്കുപ്രകാരം ആബാലവൃദ്ധം 32 ലക്ഷത്തോളം പേർ ഉണ്ടായിരുന്നിരിക്കണം. ഈ 32 ലക്ഷം ആളുകൾ എന്നും തീരും എന്ന് പ്രവചിക്കാൻ കഴിയാത്ത ഈ യാത്രയിൽ എന്തു തിന്നും, എന്തു കുടിക്കും, എന്തുടുക്കും, എവിടെക്കിടന്നുറങ്ങും എന്നൊന്നും ആലോചിക്കാതെയാണ് മോശെ സാഹസത്തിന് ഒരുങ്ങിയത്. ഒരു പക്ഷേ നാൽപ്പത് സംവത്സരത്തെ ഒരു യാത്ര മോശെ പ്രതീക്ഷിച്ചിരുന്നില്ല എന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. കൈയ്യിൽ കരുതിയിട്ടുള്ള വിഭവങ്ങൾകൊണ്ട് യാത്ര പൂർത്തീകരിക്കാമെന്ന് പ്രതീക്ഷയുണ്ടായിരുന്നിരിക്കില്ല. പുറപ്പെടുന്നതിന്

മുൻപുള്ള വലിയ ജനക്കൂട്ടത്തിന്റെ ദൈനംദിന പ്രാഥമിക ആവശ്യങ്ങളെക്കുറിച്ച് ചെറുതായെങ്കിലും ഒന്നു കണക്കുകൂട്ടിയിരുന്നെങ്കിൽ മോശെ ഈ സാഹസത്തിന് ഒരുങ്ങുമായിരുന്നോ എന്ന് നമുക്ക് സംശയം തോന്നാം. ഈ ജനതതിയുടെ പ്രാഥമികാവശ്യങ്ങൾക്കു തന്നെ ഒരു ദിവസം 19½ കോടി രൂപാ ചെലവാക്കേണ്ടതായി വരുമായിരുന്നു എന്നാണ് വേദശാസ്ത്രജ്ഞന്മാരുടെ പഴയ കണക്ക് . കണക്ക് കൂട്ടിയാൽ ഭയമുളവാക്കുന്ന ഈ വലിയ പ്രശ്നത്തെക്കുറിച്ച് മോശെ ആലോചിച്ചിരുന്നോ എന്ന് നമുക്ക് ഊഹിക്കാൻ കഴിയുകയില്ല. എന്നാൽ ഭാവിയെക്കുറിച്ചുള്ള കണക്കുകൂട്ടലുകളൊന്നും ആവശ്യമില്ലാത്തവയാണെന്ന് മോശെ വിശ്വസിച്ചിരുന്നിരിക്കണം. കണക്കു കൂട്ടിയാൽ തന്നെ ഭാവി അങ്ങനെതന്നെയാകുമെന്നും ഒരു ഉറപ്പും പറയാൻ കഴിയുകയുമില്ല. അനിശ്ചിതമായ ഭാവിയെക്കുറിച്ചുള്ള ആശങ്ക അനിവാര്യമാണെങ്കിലും ആവശ്യമില്ലാത്തതാണ്. നാല്പതു സംവത്സരത്തെ മരുഭൂപ്രയാണകാല സംഭവങ്ങൾ നാം ശ്രദ്ധിക്കുമ്പോൾ മുകളിൽ പറഞ്ഞിരുന്നതുപോലെ തന്നെയായിരുന്നു മോശെയുടെ വിശ്വാസവും ദർശനവും എന്ന് മനസ്സിലാകും. അപ്പം കിട്ടാതെ ജനം വലയുകയും മോശെയ്ക്കും ദൈവത്തിനുമെതിരായി പിറുപിറുക്കുകയും ചെയ്തപ്പോൾ മോശെ പ്രശ്നം ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിച്ചു. നാൽപ്പത് സംവത്സരം ദൈവം അവരെ മന്നകൊണ്ട് തൃപ്തരാക്കി. ഇറച്ചിക്കായി മുറവിളിച്ചപ്പോൾ മോശെ യഹോവയിങ്കലേക്ക് തിരിഞ്ഞു. ദൈവം അവർക്ക് കാടപക്ഷികളെ നൽകി. വെള്ളമില്ലാതെ വലഞ്ഞപ്പോൾ പാറയിൽ നിന്ന് വെള്ളം പുറപ്പെടുവിച്ചു. പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിത്തൂണിലും ദൈവം അവരെ വഴി നടത്തി. ഇവിടെയെല്ലാം പതറിപ്പോകാതെയും തളർന്നുപോകാതെയും ജനത്തെ നയിച്ചത് മോശെയുടെ വിശ്വാസസ്ഥിരതയും അതിൽ നിന്നും പ്രാപിച്ച ആത്മധൈര്യവുമാണ്. മോശെ ഇന്നു ദീർഘദർശിമാരിൽ തലവനായി ശോഭിക്കുന്നതിന് കാരണം, മോശെയുടെ ഈ വിശ്വാസസ്ഥിരതയോട് നമ്മെ ചേർത്തു നിർത്തി ആലോചിക്കുമ്പോൾ നമ്മുടെ വിശ്വാസം എത്രമാത്രമുണ്ട് എന്ന് വെളിവാകും. നാം അല്പവിശ്വാസികളാകയാൽ ആകുലവും വ്യാകുലവും തേടി അലയുകയാണ്.

ഇത്രയും ദീർഘകാലം സഞ്ചരിക്കാതെയും ഇത്രയും വലിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കാതെയും വാഗ്ദത്ത നാട്ടിൽ എത്തിച്ചേരാൻ എളുപ്പവഴി ഉണ്ടായിരുന്നിട്ടും യഹോവ അവരെ മരുഭൂപ്രയാണത്തിന് പറഞ്ഞുവിട്ടത് വളരെ ചിന്തനീയമായ ഒന്നാണ്. എന്തുകൊണ്ട് എന്ന ചോദ്യത്തിന് യഹോവ നൽകുന്ന മറുപടി പുറ. 13:17 ൽ നാം വായിക്കുന്നു. ഫെലിസ്ത്യ ദേശത്തുകൂടെയുള്ള വഴി വളരെയടുത്തതാണെങ്കിലും യുദ്ധം കണ്ട് യിസ്രായേൽ ജനം മടങ്ങിപ്പോകും എന്നു മനസ്സിലാക്കി അവരെ അതുവഴി കൊണ്ടുപോയില്ല. ദൈവത്തിന്റെ തീരുമാനങ്ങളും ദൈവത്തിന്റെ വഴികളും മനുഷ്യരുടേതുപോലെയല്ല എന്ന് ഇവിടെ കുറേക്കൂടെ വ്യക്തമാക്കുന്നു. യെശ. 55:8 "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളല്ല. നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു." നാം നമ്മുടെ വർത്തമാനകാലത്തെ മാത്രം കാണുകയും അതിന്റെ അടിസ്ഥാനത്തിൽ ഭാവിയെക്കുറിച്ച് ചിന്തിക്കുകയും സ്വപ്നം കാണുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ മുൻപിൽ നമ്മുടെ ഭൂത-വർത്തമാന-ഭാവി കാലങ്ങളെല്ലാം വർത്തമാനകാലമാണെന്നതാണ് സത്യം. നമ്മുടെ ഭാവിയെക്കുറിച്ചും കൂടെ കാണുന്ന ദൈവം അതിനനുസരണമായ വഴികളിലൂടെയാണ് നമ്മെ നടത്തുന്നത്. സുഗമമായതും എളുപ്പമായതുമായ പാതകൾ മാത്രമാണ് നമ്മുടെ ആഗ്രഹം എന്നാൽ ദൈവത്തിനും ദൈവത്തിങ്കലേക്കും കുറുക്കുവഴികൾ ഇല്ലായെന്നതുമാണ് യാഥാർത്ഥ്യം. ഇന്ന് മനുഷ്യർ കുറുക്കുവഴികൾ തേടുകയാണ്. ദൈവം നൽകുന്ന നന്മകളിലേക്ക് കടന്നു ചെല്ലുവാൻ കഷ്ടപ്പാടുകളും ത്യാഗവും സ്വീകരിക്കുവാൻ നാം വിമുഖരാകുന്നുവെന്നതാണ് ഇന്നത്തെ വലിയ ആത്മീയ പ്രശ്നം. നമ്മുടെ സ്വീകരണമുറിയിലെ ടി.വി. യുടെ മുൻപിൽ ഇരുന്നാൽ കരഗതമാകുന്ന സൗഭാഗ്യങ്ങളിലാണ് താല്പര്യം. പള്ളിയിൽ പോയി ആരാധിക്കുവാനും നോമ്പും ഉപവാസവും അനുഷ്ഠിക്കുവാനും കൂദാശകൾ സ്വീകരിക്കുവാനും താല്പര്യം നഷ്ടപ്പെട്ടിരിക്കുന്നു.

ഇവിടെയിതാ, പാലും തേനും ഒഴുകുന്ന കനാനിൽ എത്തിച്ചേരാൻ കുറുക്കുവഴി ഉണ്ടായിരുന്നിട്ടും കഷ്ടതയും പ്രയാസവും ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞ നാല്പതു സംവത്സരത്തെ പ്രയാണം യിസ്രായേലിനു അനിവാര്യമായി. മോശെയ്ക്കും അഹറോനും വഴി തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യം നൽകിയിരുന്നുവെങ്കിൽ അവർ ഒരു പക്ഷേ ഫെലിസ്ത്യ ദേശത്തു കൂടെയുള്ള വഴി തെരഞ്ഞെടുക്കുമായിരുന്നു. അത് എളുപ്പവഴിയായിരുന്നുവെങ്കിലും ലക്ഷ്യത്തിൽ അവർ എത്തിച്ചേരുമായിരുന്നില്ല. അവിടെയുണ്ടാകുന്ന അപ്രതീക്ഷിത പ്രതിസന്ധികൾ പിന്മാറ്റത്തിനു കാരണമാകുമായിരുന്നു. ചെങ്കടൽ കടന്നു കഴിഞ്ഞ് വന്നു ചേർന്ന പ്രതികൂലതകൾ തിരിച്ചുപോകാൻ പ്രേരിപ്പിക്കുന്നവയായിരുന്നുവെങ്കിലും ചെങ്കടൽ അവരെ തടഞ്ഞു നിർത്തി.

മരുഭൂപ്രയാണത്തിലും പ്രതിസന്ധികൾ

അനവധിയായിരുന്നു. അവിടെയെല്ലാം മിസ്രയീമിലെ വാസമായിരുന്നു ഇതിലും നല്ലത് എന്ന് ജനം ചിന്തിക്കുകയും പറയുകയും ചെയ്തെങ്കിലും ഒരു തിരിച്ചുപോക്ക് അവിടെ അസാദ്ധ്യമായിരുന്നു. മാത്രമല്ല, ഈ പ്രതിസന്ധികളെല്ലാം ദൈവപരിപാലനതയെ തിരിച്ചറിയുവാനുമുള്ള അവസരങ്ങളുമായിരുന്നു. മറുകര കടക്കാൻ കഴിയാത്ത ചെങ്കടൽ, ദാരിദ്ര്യം, പട്ടിണി തുടങ്ങിയ അനേകം പ്രശ്നങ്ങൾ അവരെ അലട്ടുകയുണ്ടായി. അവിടെയെല്ലാം യഹോവ അവരെ അത്ഭുതകരമായി വഴി നടത്തി. യുദ്ധത്തിൽ ലഭിക്കുന്ന വിജയത്തേക്കാൾ ദൈനംദിന ജീവിതത്തെ അലോരസപ്പെടുത്തുന്നത് ചെറുതും വലുതുമായ അനേകം പ്രശ്നങ്ങളിൽ നിന്നുള്ള വിടുതൽ ദൈവത്തിന്റെ സ്നേഹവായ്പിനെയും കരുണയെയും കരുതലിനെയും തിരിച്ചറിയാൻ പ്രാപ്തരാക്കുന്നു. കുറുക്കുവഴികളിൽ ഈ അനുഭവങ്ങൾ അന്യമാകുന്നു. ജീവിതത്തിൽ ആഗ്രഹിക്കാത്ത അനുഭവങ്ങളൊക്കെയാണ് വന്നു ഭവിക്കുന്നത്. ദൈവം നമ്മെ കൈവിടാതെ കാത്തു പരിപാലിക്കുന്ന കരുണാനിധിയാണെന്ന സത്യം നമ്മെ ബോദ്ധ്യപ്പെടുത്താനാണ്. ഫെലിസ്ത്യ ദേശത്തുകൂടെയുള്ള കുറുക്കുവഴി തെരഞ്ഞെടുക്കാതെ ഒരു മരുഭൂപ്രയാണത്തിനായി യിസ്രായേൽക്കാരെ വഴിതിരിച്ചു വിട്ടത് ഈയൊരു വലിയ ദൈവിക സത്യം വെളിവാക്കുന്നു.

## എക്യുമെനിക്കൽ വൈദിക സംഗമം

ആറാട്ടുപുഴ തരംഗം റിട്രീറ്റ് സെന്ററിൽ നടന്ന എക്യുമെനിക്കൽ വൈദിക സമ്മേളനത്തിൽ ഭാരതത്തിന്റെ പുരോഗമനത്തിനും തനതായ വളർച്ചയ്ക്കും ഉതകുന്ന പഞ്ചദർശനങ്ങൾ: അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ മുഖ്യപ്രഭാഷണത്തിൽ അവതരിപ്പിച്ചു.

**(1) മതസൗഹാർദ്ദ സമീപനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും!**

ശിഥിലമാക്കപ്പെട്ട ലോകത്തിൽ മതദർശനം വലുതാണ്. സംസ്ക്കാര സമ്പന്നരെന്ന് നാം ഒരുവശത്ത് അഭിമാനം കൊള്ളുന്നു. മറുവശത്ത് ആധുനിക മനുഷ്യൻ മൃഗതൃഷ്ണകളോട് തോറ്റ്, പൗരധർമ്മത്തിന്റെ പാഠങ്ങൾ മറന്നുപോയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ മതങ്ങളുടെ ആത്മീയ പരിവർത്തനവും കൂട്ടായ പ്രവർത്തനങ്ങളുടെ പങ്കും വളരെ വലുതാണ്. ഓരോ മതത്തിനും അവരുടേതായ അനന്യതകൾ എടുത്തു പറയാനുണ്ട്. എന്നാൽ മതം മനുഷ്യനെ നന്മയിലേക്ക് നയിക്കും. അത് സമൂഹത്തിന്റെ പുരോഗതിയ്ക്ക് കാരണമായിത്തീരുകയും ചെയ്യും.

**(2) സഭകളുടെ പങ്ക് :**

ഓരോ കാലഘട്ടത്തിനും എപ്പിസ്കോപ്പൽ സഭകളുടെ പ്രാർത്ഥനയും പ്രവർത്തനങ്ങളും ഒരു പരിധിവരെ സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സഭ ചലനാത്മകമാണ്. (Dynamic society) എന്നാൽ സഭകൾ അതാതിന്റെ പാരമ്പര്യവും തനിമയും അനന്യതകളും നിലനിർത്തിക്കൊണ്ടാവണം സമൂഹത്തിന്റെ വളർച്ചയ്ക്കായി പ്രവർത്തിക്കുവാൻ.

**(3) വൈദിക ശുശ്രൂഷയുടെ പങ്കാളിത്തം:**

വൈദിക ശുശ്രൂഷ ദൈവസന്നിധിയിൽ വിലപ്പെട്ടതാണ്. സമൂഹത്തിലെ പരാജയങ്ങൾക്ക് കാരണം വൈദിക ശുശ്രൂഷയുടെ അപര്യാപ്തതകൊണ്ടും അഭാവം കൊണ്ടുമാണോ എന്ന് സംശയിക്കുന്നു. വി. മത്തായി 5:13, നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. (Salt of the earth). 1 കൊരിന്ത്യർ 5:6 അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു എന്ന് അറിയുന്നില്ലയോ? ഒന്ന് വൈദികൻ സമൂഹത്തെ പ്രകാശിപ്പിക്കുന്ന തിന്മകളെ നന്മകളാക്കുന്ന അനുഭവമാണെങ്കിൽ മറ്റൊന്ന് സമൂഹത്തിന് ഇരുട്ട് വിതറുന്ന അനുഭവമാണ്.

**(4) കലാലയങ്ങളിലെ സാംസ്കാരിക അഭ്യുന്നതിയും ധാർമ്മിക വളർച്ചയും സമൂഹത്തിന്റെ നിലനിൽപ്പിനും ഉയർച്ചയ്ക്കും കാരണമായിത്തീരണം.**

Physical Training (PT) നോടൊപ്പം Personality Development (PD) പ്രോഗ്രാം കലാലയങ്ങളിൽ Curriculam ത്തിന്റെ ഭാഗമായിത്തീരണം. ഓരോ കുട്ടിയേയും എങ്ങനെ നയിക്കുന്നു എന്നതിൽ ആശ്രയിച്ചിരിക്കും അവന്റെ പെരുമാറ്റവും സ്വഭാവവും. കാരണങ്ങൾ കണ്ടെത്താനാവാത്തവിധം ഇന്ന് യുവതലമുറയിൽ അധാർമ്മികത പെരുകുന്നു. ഉത്തരവാദിത്വങ്ങളിൽ നിന്ന് ഓടി മറയുന്നു. ഇവിടെ വ്യക്തിത്വത്തിന്റെ സമ്പന്നതയ്ക്കും പൂർണ്ണതയ്ക്കും വേണ്ടി വ്യക്തിത്വ വികസന പ്രോഗ്രാം ആവശ്യമായിരിക്കുന്നു.

**(5) ക്രിസ്ത്യൻ മൂല്യങ്ങളുടെ വ്യാപനം കുടുംബങ്ങളിൽ ശ്രേഷ്ഠമാകണം.**

ലൗകികത്വം, അത്യാഗ്രഹം, മൂല്യച്യുതി എന്നിങ്ങനെയുള്ള മാരകങ്ങളായ നാശത്തിലും അധഃപതനത്തിലും ഇന്നിലെ തലമുറയിലെ കുഞ്ഞുങ്ങൾ വീഴുമ്പോഴും 'ഇത് സാരമില്ല' എന്നു പറയുന്ന മാതാപിതാക്കളാണ് എവിടെയും. എന്നാൽ കുടുംബങ്ങളിൽ തലമുറകളായി പകർന്നുവരുന്ന പ്രാർത്ഥനാനുഭവങ്ങളും വിശ്വാസ ജീവിതാനുഭവങ്ങളും ക്രിസ്ത്യൻ മൂല്യങ്ങളുടെ പങ്കിടീലിന് കാരണമായിത്തീരാറുണ്ട്. ഇവിടെ വ്യക്തിക്കും കുടുംബത്തിനും സഭയ്ക്കും തുല്യപങ്കാളിത്തമാണുള്ളത്. അത് പൂർണ്ണമായി നിറവേറ്റുമ്പോൾ മാത്രമേ സമൂഹം നന്മയിലേക്ക് വളരുകയുള്ളൂ.

കൗൺസിലിംഗ്




**ഫാ. പി.കെ. കോശി**

വാർദ്ധക്യം എന്നാൽ വൃദ്ധിയുണ്ടാകുന്ന അവസ്ഥ. വൃദ്ധന്മാർ എന്നു പറഞ്ഞാൽ എല്ലാത്തിലും വർദ്ധിച്ചു വരുന്നവർ അതായത് പക്വത വന്നവൻ, പാകം വന്നവൻ എന്നർത്ഥം. വൃദ്ധജനങ്ങൾ കുടുംബത്തിലെ മാത്രം സമ്പത്തല്ല. സമൂഹത്തിന്റെ മുഴുവൻ സമ്പത്താണ്. അറിവിന്റെയും പക്വതയുടെയും പെരുനാവാണ് എന്ന ചിന്ത ഓരോ വ്യക്തിയും ഓർക്കുമ്പോൾ വാർദ്ധക്യം സമ്പുഷ്ടമായിത്തീരും. ചികിത്സിച്ചു ഭേദപ്പെടുത്തുവാൻ പറ്റാത്ത അസുഖമാണ് വാർദ്ധക്യം എന്ന് പറയാറുണ്ട്. എന്നാൽ 18–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സർ ജയിംസ് സ്റ്റേർലിംഗ് റോസ് പറയുന്നത് "വാർദ്ധക്യത്തെ ചികിത്സിച്ച് ഭേദമാക്കുകയല്ല മറിച്ച് നിങ്ങൾ അതിനെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ദീർഘിപ്പിക്കുകയുമാണ് ചെയ്യേണ്ടത്"

മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവ ശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ. ബാവാ തിരുമനസ്സിന്റെ കല്പന പ്രകാരം 2012 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങൾ വൃദ്ധജനങ്ങളുടെ സംരക്ഷണവും സാന്ത്വന ശുശ്രൂഷയും മുൻപിൽ കണ്ടുകൊണ്ട് സ്നേഹത്തണലിൽ ഈ സായാഹ്നം എന്ന പദ്ധതി നടപ്പാക്കിയിരിക്കുന്നു. കൂട്ടുകുടുംബ വ്യവസ്ഥിതി ഇന്ന് മാറിയിരിക്കുന്നു. കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബത്തിലേക്ക് (Nuclear family) മാറി ഇപ്പോൾ സൈബർ ഫാമിലിയുടെ അവസ്ഥയിലെത്തിയിരിക്കുന്നു. ഇവിടെയാണ് വി. വേദപുസ്തകം നമ്മെ ഓർപ്പിക്കുന്നത് ലേവ്യപുസ്തകം 19:32 ''നരച്ചവന്റെ മുമ്പാകെ എഴുന്നേൽക്കുകയും വൃദ്ധന്റെ മുഖം ബഹുമാനിക്കുകയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം. ഞാൻ യഹോവ ആകുന്നു.'' വാർദ്ധക്യത്തെ നരച്ച തല എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ദീർഘായുസ്സ് ആയുർദൈർഘ്യത്തേക്കാൾ ഉപരിയായി ധന്യവും അനുഗ്രഹകരവും വിജയപ്രദവുമായ ജീവിതത്തെ ഉദ്ദേശിക്കുന്നു.

തേനുണ്ണാൻ പറന്നു നടക്കുന്ന ശലഭങ്ങളെ മാടി വിളിയ്ക്കുന്ന മനോഹരമായ പൂവ് കുറെ കഴിയുമ്പോൾ വാടി കരിഞ്ഞ് താഴെ വീഴുന്നു. ആ പൂവിനെ നോക്കിക്കൊണ്ട് മഹാനായ കുമാരനാശാൻ വീണപൂവ് എന്ന കവിതയിലൂടെ പാടി..

"നേരേ വിടർന്നു വിലസീടിന നിന്നെനോക്കി
ആരാകിലെന്തു മിഴിയുള്ളവർ നിന്നിരിയ്ക്കും."

ശലഭങ്ങളെ ആകർഷിച്ച സൗന്ദര്യവും അതിലൂടെ പരാഗവിതരണവും ആ പ്രതീക്ഷയിലൂടെ ചെടിയുടെ വംശം നിലനിൽക്കാനാവശ്യമായ ഉൽപാദന പ്രക്രിയയും നടക്കുന്നത് യാദൃച്ഛികമായിട്ടല്ല.

**വാർദ്ധക്യത്തിന്റെ വിവിധ തലങ്ങൾ**

വാർദ്ധക്യം വിവിധ തലങ്ങളിലുണ്ട്. ശാരീരികം, മാനസികം, സാമൂഹ്യം. പ്രായംകൊണ്ടു മാത്രമല്ലശാരീരികവും മാനസാന്തരവുമായ വ്യതിയാനം കൂടെയാണ് വാർദ്ധക്യം. 50 വയസ്സിനു മുകളിൽ ശരീര ശക്തി ക്ഷയിച്ചു തുടങ്ങുന്നു. പാരമ്പര്യം, ഭക്ഷണശീലം, പരിസ്ഥിതി, ജീവിത വീക്ഷണം, ശീലങ്ങൾ തുടങ്ങിയവയാണ് വാർദ്ധക്യത്തെ നിയന്ത്രിക്കുന്നത്. ഇന്ത്യയിൽ ശരാശരി ആയുർദൈർഘ്യം പുരുഷന് 59 വയസ്സും, സ്ത്രീക്ക് 60 വയസ്സും ആണ്. എന്നാൽ കേര

ളത്തിൽ ഇത് പുരുഷന് 72 വയസ്സും സ്ത്രീക്ക് 74 വയസ്സുമാണ്. അതായത് ആരോഗ്യത്തിന്റെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളേക്കാൾ മുൻപിലാണ് കേരളം. എത്രനാൾ ജീവിച്ചു എന്നതിനേക്കാൾ എത്രനാൾ ഗുണനിലവാരമുള്ള ജീവിതം നയിച്ചുവെന്നതാണ് പ്രധാനം.

പ്രായം കൂടുമ്പോൾ ശരീരത്തിന്റെ അവയവങ്ങളുടെ പ്രവർത്തനങ്ങളുടെയും ഘടനകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ. യേശുക്രിസ്തു ശീമോൻ പത്രോസിനോട് പറയുന്നു വി. യോഹന്നാൻ 21:18 "നീ യൗവനക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ അരകെട്ടി ഇഷ്ടമുള്ളിടത്തേക്ക് നടന്നു. വയസ്സായ ശേഷമോ നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അരകെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തേക്ക് നിന്നെ കൊണ്ടുപോകയും ചെയ്യും." ശാരീരിക നന്മകൾക്കുള്ള തലച്ചോറിന്റെയും മറ്റ് അവയവങ്ങളുടെയും കഴിവുകൾ ക്രമേണ നഷ്ടപ്പെടുന്ന അവസ്ഥ. അതുപോലെ തന്നെ സമൂഹത്തോടും സാഹചര്യങ്ങളോടും ഇഴുകി ചേരാനുള്ള മനസ്സിന്റെ അവസ്ഥകളിലും മാറ്റങ്ങൾ ഉണ്ടാകുന്നു. സമൂഹത്തോടും കുടുംബത്തോടുമുള്ള ഉത്തരവാദിത്വത്തിൽ നിന്ന് പിൻമാറുന്ന അവസ്ഥ.

**വാർദ്ധക്യത്തിലെ ഒറ്റപ്പെടൽ**

ഔദ്യോഗികവും മാനസ്സികവുമായ ഒറ്റപ്പെടലാണ് വാർദ്ധക്യത്തിൽ അനുഭവിക്കുന്ന പ്രധാന സംഘർഷം. മറ്റു വ്യക്തികളുമായി ഇടപെടാനും സംസാരിക്കാനും ആഗ്രഹമുമണ്ടെങ്കിലും അതിന് സാധിക്കാതെ വരുമ്പോഴുണ്ടാകുന്ന മനസ്സിന്റെ വേദന വാർദ്ധക്യത്തിൽ. ഔദ്യോഗിക പ്രവർത്തനത്തിൽ നിന്നും വിരമിച്ചു കഴിഞ്ഞാൽ ഞാൻ ഒന്നിനും കൊള്ളാത്തവനായി, ഒന്നും ചെയ്യാനില്ലാത്തവനായി എന്ന ചിന്ത പിടികൂടുമ്പോൾ ശാരീരിക ക്ഷീണം കൂടിവരുന്നു. ഒരു ദിവസംകൊണ്ടുണ്ടാകുന്നതല്ല വാർദ്ധക്യം. ശൈശവത്തിൽ നിന്ന് ബാല്യത്തിലൂടെ കൗമാരത്തിലും തുടർന്ന് യൗവ്വനവും മദ്ധ്യവയസ്സും കടന്ന് ജീവിതയാത്രയിലെ അടുത്ത ഘട്ടമാണ് വാർദ്ധക്യം.

വാർദ്ധക്യം ചാരുകസേര പ്രായമോ സ്വീകരണമുറിയുടെ മൂലയ്ക്കുള്ള ഒരു ഫർണിച്ചറോ ആകാനുള്ളതല്ല മറിച്ച് പഴകും തോറും വീര്യം കൂടുന്ന വീഞ്ഞുപോലെ ആകണം. ടെൻഷനില്ലാത്ത, ഫിക്സഡ് ടാർജറ്റ് പൂർത്തീകരിക്കേണ്ട ബാദ്ധ്യതകളില്ലാത്ത, ആധികളില്ലാത്ത ബാല്യം പോലെ ആഘോഷിക്കേണ്ട കാലമായി വാർദ്ധക്യത്തെ മാറ്റിയെടുക്കുവാൻ സ്വയം ഒരുങ്ങുമ്പോൾ ഒറ്റപ്പെടലും ഏകാന്തതയും അനുഭവിക്കേണ്ടി വരില്ല. 2010-ലെ കണക്കുപ്രകാരം ലോകജനസംഖ്യയിൽ 53 കോടി വൃദ്ധജനങ്ങളുണ്ട്. 2050 ൽ ഇത് 150 കോടി ആയി ഉയരും എന്ന് പ്രതീക്ഷിക്കുന്നു. ഇൻഡ്യയിൽ ഇത് 6 കോടി ആയിരുന്നുവെങ്കിൽ 2050 ൽ 23 കോടി ആയി വർദ്ധിക്കും. വാർദ്ധക്യത്തിലെ സന്താപങ്ങൾക്ക് യൗവ്വനത്തിലെ ദുഃഖത്തേക്കാൾ കൈയ്പ്പേറും എന്നത് യാഥാർത്ഥ്യമാണ്. 'ഏകാന്തതയുടെ നൂറുവർഷങ്ങൾ' എന്ന നോവലിൽ The secret of good oldage is simply an honourable pact of with solitude' എന്നതിലൂടെ സന്താപങ്ങൾക്കറുതി വരുത്താനും ഏകാന്തതയും ഒറ്റപ്പെടലും നീക്കാനും കഴിയണം. മറ്റുള്ളവരാൽ അവഗണിയ്ക്കപ്പെടുമ്പോൾ ഉണ്ടാകുന്ന അസഹ്യമായ ഏകാന്തതയെക്കാൾ സ്വയം സമാധാനവും ശാന്തതയും കണ്ടെത്താൻ കഴിയുമ്പോൾ ഒറ്റപ്പെടൽ ഇല്ലാതാക്കാം.

തുടരും...

## പെരുന്നാൾ



ബുധനൂർ : സെന്റ് ഏലിയാസ് ഓർത്തഡോക്സ് പള്ളിയുടെ 119-ാമത് പെരുന്നാളും 78-ാമത് കൺവൻഷനും സമാപനമായി. ഫെബ്രുവരി 3-ാം തീയതി വി. കുർബ്ബാനാനന്തരം സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ് പെരുന്നാൾ കൊടിയേറ്റ് നടത്തി. ഫെബ്രുവരി 4 മുതൽ 7 വരെ നടന്ന കൺവൻഷൻ യോഗങ്ങളിൽ ശ്രീ. അജി വർഗ്ഗീസ്, റവ. ഫാ. വർഗ്ഗീസ് റ്റി. വർഗ്ഗീസ് അഞ്ചൽ, റവ. ഫാ. എബി ഫിലിപ്പ്, റവ. ഫാ. ഡോ. ഒ. തോമസ് എന്നിവർ വചന ശുശ്രൂഷ നടത്തി. ഫെബ്രുവരി 8-ാം തീയതി നടന്ന റാസ അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് തിരുമേനിയുടെ വാഴ്‌വോടുകൂടി സമാപിച്ചു. ഫെബ്രുവരി 9-ാം തീയതി നടന്ന വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പരി. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. 10-ാം തീയതി നടന്ന ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികം അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് തിരുമേനി ഉദ്ഘാടനം ചെയ്തു. പെരുന്നാൾ ചടങ്ങുകൾക്ക് ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ, ട്രസ്റ്റി ശമുവേൽ സുജിത്ത് വില്ല, സെക്രട്ടറി സന്തോഷ് താളുകാട്ട് എന്നിവർ നേതൃത്വം നൽകി.



## ഏവൻഗേല്യോന്വ്യധ്യാനം

# മെൽത്തോ

**ഫാ. ബിജു റ്റി. മാത്യൂ**

**വലിയനോമ്പിലെ രണ്ടാം ഞായറാഴ്ച (കുഷ്ഠരോഗികളുടെ ഞായറാഴ്ച): വി. ലൂക്കോസ് 5:12 –16: വി. ലൂക്കോസ് 4:40, 41)**

ജീവിതത്തിലെ വൈകല്യങ്ങൾക്കപ്പുറമായി സാദ്ധ്യതകളെ തിരിച്ചറിഞ്ഞ് സൗഖ്യം പ്രാപിക്കുന്ന കുഷ്ഠരോഗിയും, ദൈവസ്നേഹത്തിന്റെ പ്രതിഫലനമായി നസ്രായനായ യേശുവും!

(1) മാനുഷിക നിയമങ്ങൾക്കും നിർമ്മിതികൾക്കും അപ്പുറമായി ദൈവത്തിന്റെ കരുതലും സ്നേഹവും.

ശരീരം മുഴുവൻ കുഷ്ഠംകൊണ്ട് നിറഞ്ഞ ഒരു മനുഷ്യൻ, യേശു മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാണ് എന്ന് തിരിച്ചറിഞ്ഞ് യേശുവിന്റെ പാദാന്തികത്തിൽ ഒരു അപേക്ഷ സമർപ്പിച്ചു. "കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും" യേശുവിനോടുള്ള അഗാധമായ ആദരവും അചഞ്ചലമായ വിശ്വാസവും അസാധാരണമായ ഈ അപേക്ഷയിൽ അന്തർലീനമാണ്. കർത്താവ് കരുണയുടെ കരസ്പർശം കുഷ്ഠരോഗിക്ക് നീട്ടി സൗഖ്യമാക്കുന്നു.

**എന്താണ് ഇതിന്റെ സാംഗത്യം അഥവാ സാരം?**

മനുഷ്യനിലുള്ള ദൈവസാദൃശ്യം വീണ്ടെടുക്കുവാൻ വന്ന യേശു തമ്പുരാൻ "എനിക്ക് മനസ്സുണ്ട്, നീ ശുദ്ധനാക" എന്ന് പറയുമ്പോൾ അപരനെക്കുറിച്ചുള്ള ബോധം, കരുതൽ ഇവ വെളിപ്പെടുത്തുകയാണിവിടെ. പുറപ്പാട് 34:6 യഹോവയായ ദൈവം കരുണയും കൃപയുമുള്ളവൻ, ദീർഘക്ഷമയും, മഹാദയയും, വിശ്വസ്തതയുമുള്ളവൻ, ആയിരം ആയിരത്തിന് ദയ പാലിക്കുന്നവൻ, ഇവിടെ നിയമദൃഷ്ട്യാ കുഷ്ഠരോഗികൾ അശുദ്ധരാണ്. അവരെ വിളിച്ചിരുന്നത് Walking dead എന്നാണ്, മാത്രമല്ല കുഷ്ഠരോഗികളെ സ്പർശിക്കുന്നവരും 'അശുദ്ധർ' എന്ന മതനിയമവും ശക്തമായിരുന്നു. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരായ (Socially alienated) ഇവർ യാത്രയിൽ 'അശുദ്ധൻ' എന്ന് പറയണം. ലേവ്യ. 13:45 വസ്ത്രം കീറിക്കളയേണം, തല മൂടാതെയിരിക്കേണം, കുടുംബത്തിലെ അംഗത്തിൽ നിന്ന് വേർപെടുത്തിയിരുന്നു. സംഖ്യ. 5:3 കുടുംബത്തിൽ നിന്ന് മാറി തനിച്ച് പാർക്കേണം, അവന്റെ പാർപ്പ് പാളയത്തിന് പുറത്ത് ആയിരിക്കേണം. മാത്രമല്ല, സുന്നഗോഗുകളിലും പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കുന്നു (Religiously seperated). ഇന്നത്തെ എയ്ഡ്സ് രോഗികളുടെ അവസ്ഥയ്ക്ക് സമാനം എന്ന് വ്യക്തം. മതിൽകെട്ടിനുള്ളിൽ തളയ്ക്കുന്ന, തളച്ചിടപ്പെടുന്ന അവസ്ഥ.

കുടുംബവും, സമൂഹവും, മതവും തള്ളിക്കളയുന്ന സാഹചര്യത്തിൽ യേശു തമ്പുരാൻ കുഷ്ഠരോഗിയെ തികഞ്ഞ മതസ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു. നിരുപാധികവും ദൈവീകവുമായ ഇടപെടലിന്റെ (Unconditional & divine intervention) ആത്യന്തിക അനുഭവമായി കുഷ്ഠരോഗിയുടെ ജീവിതം മാറുകയാണ്.

ദൈവസാദൃശ്യത്തിലും, സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ദൈവീക ഇടപെടലുകളോടുകൂടി യഥാസ്ഥാനപ്പെടുത്തുവാനുള്ള

ധാർമ്മിക ഉത്തരവാദിത്വവും, കടമയും, കടപ്പാടും നമ്മിൽ ഉണ്ട്. മദർ തെരേസയുടെ ഒരു പ്രാർത്ഥന ഇതിനോട് ബന്ധപ്പെടുത്താം. Oh Lord, Let your light shine on others through me like Jesus Christ.

**(2) വിരൂപവൽക്കരിക്കപ്പെട്ട നിയമത്തിന് സാദ്ധ്യതകളും അർത്ഥതലങ്ങളും**

"നീ പോയി പുരോഹിതന് നിന്നെത്തന്നെ കാണിച്ചുകൊടുക്കുക" സൗഖ്യമാക്കപ്പെട്ട കുഷ്ഠരോഗിയോട് യേശു തമ്പുരാൻ പറയുന്ന വാക്കുകളാണിവ.

മോശൈക നിയമത്തിന്റെ മറവിൽ ബാഹ്യ ശുദ്ധീകരണത്തിനും അനുഷ്ഠാനങ്ങൾക്കും അമിത പ്രാധാന്യം കൽപ്പിച്ചിരുന്ന യഹൂദജനം ഓരോ ഗ്രാമത്തിലും ശുദ്ധീകരണം സംബന്ധിച്ച നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയാൻ പ്രത്യേകം പുരോഹിതന്മാരെ നിയമിച്ചിരുന്നു. അവരുടെ സാക്ഷ്യമുണ്ടെങ്കിലെ സുഖം പ്രാപിച്ച കുഷ്ഠരോഗികൾക്ക് സമൂഹത്തിലേക്ക് പ്രവേശനം അനുവദിച്ചിരുന്നുള്ളൂ.

കുഷ്ഠരോഗി വിരൂപനെന്ന് തോന്നിക്കത്തക്ക വിധം ദുഷ്ടത്മാക്കളുടെ ശക്തി വലയം ചെയ്തിരിക്കുന്നുവെന്നും രോഗിയുമായി സമ്പർക്കം ചെയ്യുന്നവരെല്ലാം ആ അപകടത്തിലേക്ക് നയിക്കപ്പെടുമെന്നുള്ള നശ്വര നിയമത്തെ വെല്ലുവിളിച്ച്, നിയമത്തിന്റെ സാദ്ധ്യതയെ പുരോഹിതനിൽ യേശുതമ്പുരാൻ കാണുകയാണ്. നിയമങ്ങൾ അടിച്ചേൽപ്പിക്കപ്പെടുവാനുള്ളതല്ല, പിന്നെയോ പാലിക്കപ്പെടുവാനുള്ളതാണ് എന്ന് കർത്താവ് പഠിപ്പിക്കുന്നു.

സഭയിൽ, സമൂഹത്തിൽ നിയമത്തിന്റെ മറവിൽ മൃദുല ഭാവങ്ങൾ നഷ്ടപ്പെടുന്നതും ജീവൻ ബന്ധങ്ങൾ വ്രണിതമാകുന്നതും ഞാൻ അറിയാതെ പോകുന്നുണ്ടോ?

**വലിയനോമ്പിന്റെ 3-ാം ഞായറാഴ്ച (പക്ഷവാതക്കാരന്റെ ഞായറാഴ്ച) : വി. മർക്കോസ് 2:1-12**

കഫർന്നഹൂമിലെ ഒരു ഭവനത്തിൽവെച്ച് യേശുക്രിസ്തു തളർവാത രോഗിയെ സൗഖ്യമാക്കുന്ന സംഭവമാണിത്. ക്രിസ്തീയ ജീവിതത്തിൽ മൗലികമായിട്ടുള്ള കാര്യങ്ങളാണ് ദൈവത്തിലുള്ള വിശ്വാസവും മറ്റുള്ളവരിൽ പുലർത്തേണ്ട ദൈവസ്നേഹവും. അതായത് മനുഷ്യനും ദൈവവുമായുള്ള ബന്ധവും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവും ദൈവാനുഗ്രഹത്തിന് അനിവാര്യമായ ഘടകങ്ങളാണ്. അപ്രകാരം ഇവിടെ തളർവാത രോഗിയുടെ ദൈവവിശ്വാസവും ചുമന്നു കൊണ്ടുവന്നവരുടെ പ്രവർത്തിയും വിശ്വാസവും സൗഖ്യത്തിലേക്ക് നയിക്കപ്പെടുന്നു.

**ഈ സംഭവത്തിൽ അന്തർലീനമായിട്ടുള്ള യേശുവിന്റെ 4 ഭാവങ്ങൾ**

**(1) Jesus looked up: സമൂഹത്തിന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്ന സേവനത്തിന്റെ ഭാവം.**

വി. മർക്കോസ് 2:4 പുരുഷാരം നിമിത്തം അവനോട് സമീപിച്ചു കൂടായ്കയാൽ യേശു ഇരുന്ന സ്ഥലത്തിന്റെ മേൽപ്പുര പൊളിച്ചു തുറന്നു, യേശു അവരുടെ വിശ്വാസം കണ്ടിട്ട്.... (Their faith help Him to see the problem of the paralysed man).

യേശുതമ്പുരാൻ മുകളിലേക്ക് നോക്കിയപ്പോൾ 4 പേർ ഒരു തളർവാത രോഗിക്കുവേണ്ടി പ്രവർത്തിക്കുന്നു. ഈ സമൂഹത്തിന്റെ പ്രവർത്തിയും വിശ്വാസവും കർത്താവിനെപ്പോലും അത്ഭുതപ്പെടുത്തുന്നുണ്ടാവാം. ഇവിടെ രോഗത്തിനുവേണ്ടി പ്രാർത്ഥിക്കാം എന്നു പറഞ്ഞുപോകുന്ന സുഹൃദ് ഗണങ്ങളല്ല, ആൾക്കൂട്ടത്തിനിടയിൽ ഞങ്ങൾ നിന്നെ എങ്ങനെ എത്തിക്കും എന്നു പറഞ്ഞ് പിന്മാറുന്ന സുഹൃത്തുക്കളല്ല, പിന്നെയോ ലഭ്യമായ ഏകസാദ്ധ്യതയെ പ്രയോജനപ്പെടുത്തുവാനുള്ള 4 പേരുടെ താല്പര്യവും ദൈവസന്നിധിയിലുള്ള വിശ്വാസവും പരസ്പര ധാരണയും മാതൃകാപരമാണ്; അനുഗ്രഹത്തിന് യോഗ്യമായതാണ്. To have the approval of God on your work is the greatest happiness - Albert Sehewitzer

**(2) Jesus looked down: ഒറ്റപ്പെട്ടവന് സഖിത്വത്തിന്റെ സദ്വാർത്ത നൽകുന്ന അതിവിശാലതയുടെ ഭാവം.**

വി. മർക്കോസ് 2:4-5 പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി വച്ചു. വാതരോഗത്താൽ സന്ധുക്കൾ തളർന്ന ശരീരം സ്തംഭിച്ചുപോയ രോഗിയുടെ ദയനീയസ്ഥിതിയോട് കർത്താവ് കരുണകാണിക്കുകയാണിവിടെ. യേശു തളർവാത രോഗിയോട് പറയുന്നു, നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു. മനുഷ്യന്റെ ആവശ്യങ്ങൾക്ക് വില നൽകുന്നവനായ ദൈവം രക്ഷയുടെ അനുഭവത്തിലേക്ക് വരുവാൻ തളർവാതരോഗിയിൽ തടസ്സമായി നിൽക്കുന്ന പാപങ്ങളെ പരിഹരിച്ചു കൊടുക്കുന്നു. മാത്രമല്ല പാപവും രോഗവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നും പാപത്തിന്റെ ഫലമായി രോഗം വന്നുചേരുവാനുള്ള സാദ്ധ്യതയുണ്ടെന്നും പഠിപ്പിക്കുമ്പോൾ, ഇന്ന് 'പാപി' എന്നു മുദ്രകുത്തി, നീ അത് അനുഭവിക്കേണ്ടവൻ എന്ന് പറഞ്ഞ് തള്ളിക്കളയുകയായിരുന്നുവോ ?

ദൈവീക ചൈതന്യം നഷ്ടപ്പെടുത്തി, പാപത്തിൽ കുതിർന്നും തളർന്നും ആത്മീയ പരിവേഷം വ്യക്തിജീവിതത്തിൽ നഷ്ടപ്പെടുത്തിയിട്ടുള്ളവരെ അന്വേഷിക്കുവാൻ നമുക്ക് കഴിയണം.

**(3) Jesus looked around: വിമർശകരുടെ പദവികളെ ബഹുമാനിച്ച് ജീവനില്ലാത്ത വിമർശനങ്ങളെ ഉന്മൂലമാക്കുന്ന അധികാരത്തിന്റെ ഭാവം.**

വി. മർക്കോസ് 2:6,7,8 അവിടെ വേദപണ്ഡിതന്മാരിലും പരീശന്മാരിലും ചിലർ ഇരിക്കുന്നുണ്ടായിരുന്നു. ഇവൻ ദൈവദൂഷണം പറയുന്നതെന്ത്?

ഏക ദൈവത്തിനല്ലാതെ പാപങ്ങളെ ക്ഷമിക്കാൻ മറ്റാർക്ക് കഴിയും? കഫർന്നഹൂമിലെ ഭവനത്തിൽ യേശുവിന്റെ ശുശ്രൂഷാ സമയത്ത് പ്രത്യേകം ഇരിപ്പിടം പോലും ലഭ്യമായ ശാസ്ത്രിമാരുടെയും പരീശന്മാരുടെയും സന്ദേഹം, ദിവ്യാനുഭൂതി പരത്തുന്ന സൗഖ്യദാന ശുശ്രൂഷയോട് എങ്ങനെയാണ് യോജിക്കുക. കാരണം മതനേതാക്കന്മാരായ ശാസ്ത്രിമാരെ സംബന്ധിച്ചിടത്തോളം പുതിയ ഗുരുവിനെയും അനുഷ്ഠാനങ്ങളെയും പ്രവൃത്തികളെയും നോക്കുന്നത് ഒരു ചുമതലയായിരുന്നു. കാരണം അവരുടെ മതവും അതിലെ നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും ആയിരുന്നു എല്ലാത്തിനും പരിഹാരം. ആവർത്തനം 13:1; ലേവ്യ. 24:16 എന്നാൽ ഇവിടെ പുതിയതിനെ സ്വീകരിക്കുവാനുള്ള മടിയും ന്യായപ്രമാണ കർത്താവിനെ അംഗീകരിക്കുവാനുള്ള വിമുഖതയും അവരുടെ ഹൃദയ അന്തരംഗങ്ങളിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുകയാണ്.

**(4) Jesus looked within : യേശു തമ്പുരാന്റെ വരവിന്റെ ഉദ്ദേശശുദ്ധി വെളിപ്പെടുത്തുന്ന ദൈവീക അധികാരത്തിന്റെ ഭാവം.**

വി. മത്തായി 2:7,10 യേശു ഉടനെ മനസ്സിൽ ഗ്രഹിച്ചു. ഭൂമിയിൽ പാപങ്ങളെ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ട് യേശു തമ്പുരാൻ പിതാവിന്റെ മഹത്വം വെളിപ്പെടുത്തേണ്ടതിന് തന്നിലേക്ക് നോക്കി. ശാസ്ത്രിമാരുടെയും വേദപണ്ഡിതന്മാരുടെയും മുമ്പിൽ താൻ ആരാണ് എന്ന് വെളിപ്പെടുത്തുവാനുള്ള സാഹചര്യം ഇതെന്ന് കണ്ട്, തളർവാതരോഗിയോട് പറയുന്നു. മകനെ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു, കിടക്ക എടുത്തുകൊണ്ട് ഭവനത്തിലേക്ക് പോകുക എന്ന്. ദൈവത്തെയും ദൈവീക അധികാരങ്ങളെയും ചോദ്യം ചെയ്ത്, വ്യക്തിയിൽ ഭക്തി നഷ്ടപ്പെട്ടുമ്പോൾ, തിരുത്തപ്പെടേണ്ടതിന് നമ്മിലെ ദൈവീക ജ്ഞാനവും സ്വർഗ്ഗീയ നൽവരങ്ങളും സഹായകരമാകണം.

**നോമ്പിന്റെ 4–ാം ഞായറാഴ്ച : വി. മത്തായി 15:21–31**

യേശു തമ്പുരാൻ സോർസീദോന്റെ പ്രദേശങ്ങളിലേക്ക് വന്നപ്പോൾ ഭൂതം ബാധിച്ച ഒരു മകളെ അമ്മയുടെ വിശ്വാസം കണ്ട് സുഖപ്പെടുത്തുന്ന സംഭവമാണിത്.

**(1)അസാദ്ധ്യതകളിൽ സാദ്ധ്യത കണ്ടെത്തിയ കനാന്യ സ്ത്രീ.**

ഫിനിഷ്യൻ വംശങ്ങളായ പുറജാതി സ്ത്രീ യഹൂദരുടെ മാമൂലുകളും വിജാതീയർക്കെതിരായുള്ള മുൻവിധികളും നോക്കാതെ, കർത്താവിന്റെ പാദാന്തികത്തിൽ മകൾക്കുവേണ്ടി അപേക്ഷ സമർപ്പിച്ചു. യേശുവേ, ദാവീദു പുത്രാ എന്നോടു കനിവുണ്ടാകണമെ, എന്നെ സഹായിക്കണമെ ഈ ലളിത പ്രാർത്ഥനയിൽ 2 ചിന്തകൾ യേശു തമ്പുരാനിലൂടെ കടന്നുപോയി. (a) Jesus was trying to remain hidden. താൻ ആരാണെന്ന് വെളിപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. (2) മിശിഹായാണെന്ന്, ദാവീദു പുത്രനാണെന്ന് ഒരു പുറജാതി തിരിച്ചറിയുന്നതിലുള്ള അമ്പരപ്പ്. എന്നിട്ടും യേശുതമ്പുരാൻ അവളുടെ വിശ്വാസത്തിന്റെ തോത് അളക്കുവാനും അറിയുവാനും അഭ്യർത്ഥന തിരസ്ക്കരിക്കുകയും മൗനം അവലംബിക്കുകയും ചെയ്തു (വി. മത്തായി 15:24,26). എന്നാൽ വിശ്വാസം ഉദാസീനർക്കുള്ള വഴിയല്ല, അദ്ധ്വാനശീലന്മാരുടെ വഴിയാണ് എന്ന് തെളിയിക്കുകയും വിശ്വാസത്തിൽ വളരുമ്പോൾ ഏതു പ്രതിസന്ധിയിലും ലഘുവെന്ന് കന്യാസ്ത്രീ സ്വാനുഭവത്തിലൂടെ കാണിക്കുന്നു. Where there is faith there is home and Jesus is the hope in the hopeless situation.

യഹൂദ വർഗ്ഗീയതയുടെ സീമകൾ ലംഘിച്ച (യഹൂദരുടെ ദൃഷ്ടിയിൽ കനാന്യർ വൃത്തിഹീനരും അശുദ്ധരും നായ്ക്കുട്ടികൾക്ക് സമരും ആയിരുന്നു) വിജാതീയ ദേശത്തുവെച്ച് കനാന്യസ്ത്രീയുടെ മകളെ സുഖപ്പെടുത്തുന്നതിന്റെ പ്രധാന കാരണം വിജാതീയ സ്ത്രീയുടെ മശിഹായെക്കുറിച്ചുള്ള പരിജ്ഞാനവും പ്രതിസന്ധികളിൽ നീരസപ്പെടാതെ ആരാധനാപൂർവ്വം വിശ്വാസത്തോടെ മകൾക്കുവേണ്ടി അപേക്ഷകളെ സമർപ്പിക്കുന്നതിനുള്ള അഭിവാഞ്ചയുമായിരുന്നു. ജീവിതത്തിൽ പല രീതിയിലുള്ള തടസ്സങ്ങളും അനിശ്ചിതത്വവും അരക്ഷിതാവസ്ഥയും വന്നുചേരുമ്പോൾ 'യേശുവാണെൻ പ്രത്യാശ' എന്ന വിശ്വാസബോദ്ധ്യത്തിങ്കൽ സാദ്ധ്യതകളെ സൃഷ്ടിക്കുവാൻ കഴിയും.

**(2) വിശ്വാസജീവിതത്തിന്റെ പാരമ്യത തലമുറകൾക്ക് അനുഗ്രഹം**

വി. മത്തായി 15:28 സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു, നിന്റെ ഇഷ്ടംപോലെ നിനക്ക് ഭവിക്കട്ടെ. ആ നാഴികയിൽ അവളുടെ മകൾക്ക് സൗഖ്യം വന്നു. കർത്താവ് മനസ്സിലാക്കിയ കനാന്യസ്ത്രീയുടെ വിശ്വാസത്തിന്റെ പൂർണ്ണത താഴെ പ്പറയുന്നതാണ്.

1) പുറജാതി സ്ത്രീയ്ക്ക് യേശുവിന്റെ അടുക്കൽ എത്തുവാനുള്ള ആത്മധൈര്യം.
2) യേശുവിന്റെ കൂടെയുള്ളവർ പോലും 'മിശിഹ' ആണോ എന്ന് സംശയിക്കുമ്പോൾ ദാവീദ് പുത്രാ എന്ന് സംബോധന ചെയ്യുവാനുള്ള ധൈര്യം.
3) നായ്ക്കുട്ടികൾ എന്ന വിളി കേട്ടിട്ട് പോലും അതിൽനിന്ന് ആത്മീയപാഠം പഠിച്ച് അവകാശം ചോദിച്ച് വാങ്ങിക്കുവാനുള്ള ധൈര്യം.

ഈ രീതിയിൽ യേശുവിന്റെ അടുക്കൽ മകൾക്കുവേണ്ടി അപേക്ഷിച്ച കനാന്യസ്ത്രീയ്ക്ക് തിരസ്ക്കാരം മാത്രമാണുണ്ടായത്.

1. കർത്താവ് മൗനിയായിത്തീർന്നു. വി. മത്തായി 15:23
2. ശിഷ്യന്മാർ ശല്യം ഒഴിവാക്കാനായി യേശുവിനോട് പറയുന്നു.
3. കർത്താവ്, "മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല" എന്നു പറഞ്ഞു. പ്രതികരണങ്ങളും തിരസ്കരണങ്ങളും വിശ്വാസത്തിൽ ബലപ്പെടുവാനുള്ള മുഹൂർത്തങ്ങളായി കനാന്യസ്ത്രീ കണ്ടു. യേശുവിൽ നിന്ന് നിഷേധാത്മകമായ മറുപടി കിട്ടിയിട്ടും സ്ഥിരതയോടെ ഉത്സാഹത്തോടെ വീണ്ടും അഭ്യർത്ഥന നടത്തുവാനുള്ള കാരണം ദൈവസന്നിധിയിലേക്കുള്ള വിശ്വാസവും മകളോടുള്ള അതിരറ്റ വാത്സല്യവുമാണ്.

**വലിയ നോമ്പിന്റെ അഞ്ചാം ഞായറാഴ്ച : വി. ലൂക്കോസ് 13:10–17**

18 സംവത്സരത്തോളം ഒട്ടും നിവരുവാൻ കഴിയാതെ മണ്ണിനെ നോക്കി ദൈവത്തെ ദൈവാലയത്തിൽ സ്തുതിച്ചുവന്ന കൂനിയായ സ്ത്രീയ്ക്ക് യേശുതമ്പുരാൻ മണ്ണിലേക്കും വിണ്ണിലേക്കും നോക്കി സ്തുതിപ്പാനും ആരാധിപ്പാനും ജീവിപ്പാനും സാദ്ധ്യതകളും സൗഖ്യവും നൽകുന്ന അത്ഭുതസംഭവം.

(1) ദീർഘമായ സഹനത്തിലൂടെ അനശ്വരമായ സ്വർഗ്ഗീയ അനുഭവത്തിലേക്ക്.

കൂനിയായ സ്ത്രീയ്ക്ക് ജീവിതത്തിൽ അനുഭവിച്ച യാതനകളുടെ കാരണം എന്ത്? എന്തുകൊണ്ട് എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു എന്ന പരാതിയോ പരിഭവമോ ഇല്ല (യിരമ്യാവ്12:1–5) പ്രത്യുത അനുഭവിച്ച യാതനകൾക്കും കഷ്ടതകൾക്കും രോഗത്തിനും ബന്ധനത്തിനും ദേവാലയസാഹചര്യത്തിലൂടെ അർത്ഥം കണ്ടെത്തുവാനുള്ള പ്രാർത്ഥനയും ശ്രമവും അനുകരണീയമാണ്. ആരാധനാനുഭവത്തിൽ രക്ഷാകരവും ജീവദായകവും സൗഖ്യദായകവുമായ വചനത്തിന്റെ മർമ്മം ശ്രവിപ്പാനുള്ള അഭിലാഷവും ഒരു വശത്ത്, കർത്താവിങ്കൽ ദൃഷ്ടി ഉറപ്പിച്ചു പ്രാർത്ഥിക്കാൻ കഴിയുന്നില്ലല്ലോ എന്ന പ്രശ്നം മറുവശത്ത്. പക്ഷേ ഈ ഉപാധികളും ഉപായങ്ങളും അനുഗ്രഹത്തിനും സൗഖ്യത്തിനും തടസ്സമായിത്തീരരുത് എന്നു ചിന്തിച്ചുകൊണ്ട് ദേവാലയത്തിലെ ആരാധനയ്ക്ക് മുടക്കം വരുത്തുന്നില്ല. സ്വന്ത ഇടങ്ങളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചുമുള്ള ബോദ്ധ്യത്തിങ്കലുള്ള ആരാധന വെളിച്ചത്തിങ്കലേക്ക് നയിക്കും 1 ശാമുവേൽ 1:7; സങ്കീർത്തനം 5:7. എനിക്ക് സഹനത്തിന്റെ ദിവസങ്ങൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്. പ്രത്യേകമായ അനുഗ്രഹത്തിന്റെ നിമിഷങ്ങളും സന്തോഷസാഹചര്യങ്ങളും വന്നുചേരാനിടയില്ല എന്ന് പറയുന്നവരും ഉത്കണ്ഠാകുലരാകുന്നവരും ധാരാളം സഹനത്തിലും ദൈവോന്മുഖപാതയിൽ പ്രകാശിക്കുന്ന കൂനിയായ സ്ത്രീയുടെ ജീവിതം നമുക്ക് നൽകുന്നത് ശ്രേഷ്ഠമായ ഒരു സാക്ഷ്യമാണ്.

**(2) നിയമങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യനെ യഥാസ്ഥിതിയിലേക്ക് നയിക്കണം.**

ശാബതിൽ സാത്താന്റെ ബന്ധനത്തിൽ നിന്ന് യേശു തമ്പുരാൻ കൂനിയായ സ്ത്രീക്ക് മോചനം നൽകിയപ്പോൾ, ദൈവത്തിന്റെ അധികാരം ഏറ്റെടുക്കുന്നത് ദൈവദൂഷണം എന്നുപറഞ്ഞ് (ലേവ്യ. 24:16). സുന്നഹദോസ് അധികാരി പരസ്യമായി ഇതിനെ വിമർശിക്കുന്നു. "വേല ചെയ്‌വാൻ ആറു ദിവസമുണ്ടല്ലോ അതിനകം വന്ന് സൗഖ്യം വരുത്തിക്കൊൾവിൻ" (വി. ലൂക്കോ. 13:14). സുന്നഗോഗ് അധികാരി ശാബതു നിയമങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ യേശു ശാബതിൽ പോലും ദൈവത്തിന്റെ രക്ഷാകര പദ്ധതി നടപ്പിലാക്കി മനുഷ്യന്റെ ആവശ്യങ്ങൾക്കും വേദനകൾക്കും പ്രാധാന്യം നൽകുന്നു. ഒരു ശാരീരിക സൗഖ്യം നൽകുക മാത്രമല്ല പുത്രൻ തമ്പുരാന്റെ വരവിന്റെ രക്ഷാകര മർമ്മത്തിലെ വിമുക്തിയുടെ സൂചന ഇവിടെ അന്തർലീനമാണ്.

ശാബതിൽ 39 വിലക്കപ്പെട്ട പ്രവൃത്തികൾ (forbidden activities) ഉണ്ടായിരുന്നു. കൂനിയായ സ്ത്രീയിലെ ബന്ധനത്തെ അഴിച്ച് സുഖപ്പെടുത്തുന്നത് ഒരു വേലയായിട്ട് സുന്നഗോഗു അധികാരി കാണുകയാണ്. കർത്താവ് അവനോട് 'കപട ഭക്തിക്കാരേ, നിങ്ങളിൽ ഓരോരുത്തൻ ശാബത്തിൽ തന്റെ കാളയേയോ കഴുതയെയോ അഴിച്ചുകൊണ്ടു പോയി വെള്ളം കുടിപ്പിക്കുന്നില്ലയോ? യഹൂദന്മാർ ശാബതിൽ കന്നുകാലികളെ മേയാൻ വിടുമായിരുന്നു എന്നാൽ അവരെക്കൊണ്ട് ചുമടുകൾ എടുപ്പിക്കുക പതിവില്ലായിരുന്നു. മൃഗങ്ങൾക്ക് 1500 അടിയിൽ കൂടുതൽ ദൂരം സഞ്ചരിക്കുവാൻ പാടില്ലായിരുന്നു. മനുഷ്യനും മനുഷ്യന്റെ നിയമങ്ങൾക്കും, കന്നുകാലികളുടെ ആവശ്യങ്ങളെ അറിയുവാൻ സാധിക്കുമ്പോൾ എന്തുകൊണ്ട് ഒരു സൃഷ്ടി സഹായിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നില്ല? മൃഗത്തെ സംരക്ഷിക്കുവാൻ ശ്രമിക്കുന്ന മനുഷ്യൻ, ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനായ മനുഷ്യനെ സഹായിക്കുവാൻ എന്തുകൊണ്ട് കഴിയുന്നില്ല? (വി. ലൂക്കോസ് 13:16) മനുഷ്യൻ ന്യായപ്രമാണത്തിന്റെ കല്പനകൾക്കും ശാബതിലെ നിയമാചാരങ്ങൾക്കുംവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന യഹൂദ മിഥ്യാധാരണയെ യേശു കൂനിയായ സ്ത്രീയുടെ സൗഖ്യം വഴി തിരുത്തുകയാണ്. ശാബതും നിയമവും മനുഷ്യന്റെ നന്മയ്ക്കുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

# കർമ്മധീരനായ ക്രിസ്തുദാസൻ


പി.ജെ. അലക്സാണ്ടർ, വന്മഴി

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി കാലം ചെയ്തിട്ട് 2013 ഫെബ്രുവരി 2 ന് 45 വർഷം കഴിഞ്ഞു. ഇത്തരുണത്തിൽ അദ്ദേഹത്തെപ്പറ്റി അറിവുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നു.

1985 ജൂൺ 20 ന് തൃപ്പൂണിത്തുറ നടമേൽ ഇടവകയിൽ പ്രശസ്തമായ മൂക്കഞ്ചേരിൽ തറവാട്ടിൽ പൈലിയുടെയും ശ്രീമതി മറിയത്തിന്റെയും പത്തു മക്കളിൽ ഇളയവനായി ജനിച്ച എം.പി. പീറ്റർ ചെറുപ്പത്തിലേ നന്നായി പഠിച്ച് 1902 ൽ പ്രഥമ വർഷം തന്നെ S.S.L.C റാങ്കോടെ പാസ്സായി. 1911 -ൽ ബി.എ. 1914 ൽ എൻ. റ്റി. 1919-ൽ ബി.ഡി. എന്നീ ബിരുദങ്ങൾ എടുത്തു. പൗരോഹിത്യ പാരമ്പര്യം ഉള്ള കുടുംബമായിരുന്നു തിരുമേനിയുടേത്. അദ്ദേഹത്തെ ഒരു ഉദ്യോഗസ്ഥനായും കുടുംബനാഥനായും കാണാൻ പിതാവും സഹോദരിമാരും അതിയായി ആഗ്രഹിക്കുകയും അതിലേക്കു തിരിക്കാൻ ശ്രമങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ വൈദിക വൃത്തിയിലേക്ക് എം.പി. പീറ്റർ ആരോടും ആലോചിക്കാതെ 1916 ജൂൺ 4 - ന് പരുമല പള്ളിയിൽ വെച്ച് അഭിവന്ദ്യ കണ്ടനാട് യുയാക്കീം മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും അഭിവന്ദ്യ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെയും, കുടുംബബന്ധു ഫാ. പി.റ്റി. ഗീവറുഗീസിന്റെയും സാന്നിദ്ധ്യത്തിൽ ശെമ്മാശപട്ടം സ്വീകരിച്ചു. 1908 ജനുവരിയിൽ തിരുവല്ല തിരുമൂലപുരം ബാലികാമഠം ഹൈസ്ക്കൂളിൽ ആരംഭിച്ച ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിലും തുടർന്ന് 58 വർഷം അദ്ദേഹം സജീവമായി പങ്കുകൊണ്ടു.

***സ്ലീബാദാസ സമൂഹം***

വി. മാർത്തോമ്മാ ശ്ലീഹായിൽ നിന്നും പരിശുദ്ധ പരുമല തിരുമേനിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് അനേകരെ കർത്താവിങ്കലേക്ക് ആകർഷിക്കുന്നതിനും അധഃകൃതരുടെ ഉന്നമനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച പീറ്റർ ശെമ്മാശ്ശൻ ഒരു സ്കൂളിൽ അല്പകാലം ജോലി ചെയ്തുണ്ടാക്കിയ പണം സ്വരൂപിച്ച് ഒരു ചെറിയ ഫണ്ടുണ്ടാക്കുകയും സുവിശേഷ വേലയ്ക്കായി പ്രവർത്തിക്കാൻ മുന്നോട്ടുവന്ന ഏതാനും യുവാക്കളെ ചേർത്ത് 1924-ൽ സ്ലീബാദാസ സമൂഹം സ്ഥാപിച്ചു. സമ്പന്നരും വിശാലമനസ്ക്കരുമായ വിശ്വാസികളിൽ നിന്നു സംഭാവന സ്വീകരിച്ച് ഫണ്ട് വിപുലീകരിച്ചു. ആയിരക്കണക്കിന് അക്രൈസ്തവരെ മാമോദീസാ നൽകി സഭയിൽ ചേർക്കുകയും ചെയ്തു. 1926-ൽ കശ്ശീശ്ശാപട്ടം സ്വീകരിച്ചു. ഉന്നത സ്ഥാനലബ്ധികളിൽ തല്പരനല്ലാതിരുന്നിട്ടും മേൽപ്പട്ടക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സമ്മർദ്ദഫലമായി 1953 ൽ മെത്രാൻ പട്ടം സ്വീകരി



ച്ചു. അഭ്യുദയകാംക്ഷികൾ പിരിവെടുത്ത് ഒരു കാർ ഫണ്ടുണ്ടാക്കിയതിൽ പോരാത്ത മുഴുവൻ തുകയും കൂവൈറ്റ് ഇടവകക്കാർ നൽകാമെന്നേറ്റിട്ടും കാർ വാങ്ങാൻ തിരുമേനി കൂട്ടാക്കിയില്ല. കാർ ഫണ്ട് ബാങ്കിൽ നിക്ഷേപിച്ച് പുതു ക്രിസ്ത്യാനികളുടെ ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കണമെന്നും മറ്റും വിൽപ്പത്രം എഴുതിവച്ചു.

ഒരു മാതിരി ദൂരമെല്ലാം കാൽനടയായും കൂടുതൽ ദൂരം ബസ്സിലും ട്രെയിനിലുമായി സഞ്ചരിച്ചിരുന്നു. ട്രെയിനിൽ ഉയർന്ന ക്ലാസ്സിൽ പോലും സഞ്ചരിയ്ക്കില്ലായിരുന്നു എന്നു നേരിട്ടറിയാം. ചെലവ് എത്രയും ചുരുക്കാൻ വേണ്ടി എത്ര ഉന്നതർക്കും പോസ്റ്റ് കാർഡിൽ മാത്രമാണ് എഴുതിയിരുന്നത്. പല തുറകളിലുള്ള ധാരാളം ഉന്നതരുമായി തിരുമേനി ഇടപെട്ടിരുന്നു. മൂന്നോ നാലോ പ്രാവശ്യം ഇന്ത്യയുടെ മറ്റു പല ഭാഗങ്ങളിലും സഞ്ചരിച്ച് സുവിശേഷ വേല നടത്തി. സ്ലീബാദാസ സമൂഹം പ്രസിഡന്റിന്റെ ഭാരിച്ച ചുമതലകൾക്കു പുറമെ സാമ്പത്തികമായി വളരെ പിന്നിലായിരുന്ന മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ എന്ന നിലയിലും സ്തുത്യർഹമായ സേവനം നടത്തി.

പ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതിനു പുറമെ അധഃകൃതരുടെ ഉന്നമനത്തിനുതകുന്ന പല മീറ്റിംഗുകളിലും പ്രകടനങ്ങളിലും പങ്കുകൊണ്ടിട്ടുണ്ട്. അധഃകൃതരുടെ ഉന്നമനത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകാൻ അന്നു കൊച്ചി ദിവാനായിരുന്ന സർ റ്റി. വിജയരാഘവാചാരി പീറ്റർ ശെമ്മാശ്ശനെ സ്പെഷ്യൽ ആഫീസറായി നിയമിച്ചിരുന്നു. ആ ദൗത്യവും സ്തുത്യർഹമായി നിർവ്വഹിച്ചു.

വേദപുസ്തകം ചിത്ര ചുരുളുമായി റാന്തൽ വിളക്കുപയോഗിച്ചും അനേകം പുലയർ, പറയർ, കുറവർ എന്നിവരുടെ കുടിലുകൾ സന്ദർശിക്കുകയും വേദോപദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കാൽനടയായിട്ടാണ് മലകളിലും കുടിലുകളിലും കയറിയിരുന്നത്. എല്ലാ വർഷവും ഒരു പ്രാവശ്യമെങ്കിലും പുതുക്രിസ്ത്യൻ സഹോദരങ്ങളെ സന്ദർശിച്ചിരുന്ന കൂട്ടത്തിൽ ചെങ്ങന്നൂർ വന്മഴി കാളികുന്നു ചാപ്പലിലും (പരിശുദ്ധ പരുമല തിരുമേനി കല്ലിട്ടത്) വന്നു യോഗം നടത്തുന്നത് ഈ ലേഖകൻ ബാല്യത്തിൽ കണ്ടിരുന്നതിനു പുറമേ ഉദ്യോഗലബ്ധിക്കുശേഷം അഭിവന്ദ്യ തിരുമേനിയുമായി കൂടുതൽ അടുപ്പത്തിൽ വരികയും സമൂഹത്തിന് തുടർച്ചയായി സംഭാവന നൽകുകയും ചെയ്തിരുന്നു. അഭിവന്ദ്യ തിരുമേനിയിൽ നിന്നും ലഭിച്ച അഞ്ഞൂറു രൂപ വർദ്ധിപ്പിച്ച് ഒലവക്കോട് 101 സെന്റ് സ്ഥലം വാങ്ങി ഓർത്തഡോക്സ് സഭയ്ക്ക് ഒരു പള്ളി 1959-60 ൽ സ്ഥാപിച്ചു. അഭിവന്ദ്യ തിരുമേനി അയച്ചു തന്നിട്ടുള്ളതിൽ മുപ്പതോളം കത്തുകൾ ഇപ്പോഴും ലേഖകന്റെ പക്കൽ ഉണ്ട്. അക്കാലത്ത് ഓർത്തഡോക്സ് സഭയ്ക്ക് ഒരു സെന്റ് സ്ഥലമോ ഒരു ചാപ്പലോ പാലക്കാട്ടും അടുത്ത സ്ഥലങ്ങളിലും ഇല്ലായിരുന്നു.

---

വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. 38, ബഥേൽ അരമന ചെങ്ങന്നൂർ 689 121

പ്രതികരണപത്രിക

# മാമോദീസാപ്പേര് ഔദ്യോഗിക പേരിന്റെ ഭാഗമാക്കണം

ഇപ്പോഴത്തെ തലമുറയിൽപ്പെട്ട നമ്മുടെ ചില സഭാംഗങ്ങളുടെ പേരു കേട്ടാൽ അവർ ക്രൈസ്തവരോ അക്രൈസ്തവരോ എന്നോ സ്ത്രീയോ പുരുഷനോ എന്നോ (മനുഷ്യനോ വളർത്തു മൃഗമോ എന്നോ) തിരിച്ചറിയാൻ പ്രയാസമാണ്. പുതിയ തലമുറയ്ക്ക് വ്യക്തിനാമങ്ങൾ നൽകുന്ന കാര്യത്തിൽ നമുക്കൊരു പാരമ്പര്യമുണ്ടായിരുന്നു. അറുപതുകളിലുണ്ടായ പരിഷ്ക്കാരം നിമിത്തം ഒന്നു രണ്ടു തലമുറകളുടെ ക്രൈസ്തവ വ്യക്തിനാമങ്ങൾ നമ്മൾ നശിപ്പിച്ചു. ഈ രീതിയിൽ പോയാൽ ഇനിയും ഒന്നു രണ്ടു തലമുറകൾ കഴിയുമ്പോൾ ക്രൈസ്തവ വ്യക്തി നാമങ്ങൾ അപ്രത്യക്ഷമാകും.

അതുകൊണ്ട് മാമോദീസാ വേളയിൽ കുട്ടികൾക്കു ക്രൈസ്തവ നാമം നൽകുന്നതിനും ആ പേരുകൾ ഔദ്യോഗിക പേരിന്റെ ഭാഗമാക്കി മാറ്റാനും നമ്മൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ വൈദികർ സഭാ മക്കളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്. റോമൻ കത്തോലിക്കാ സഭയിൽ ഇക്കാര്യത്തിൽ അനുകരണീയമായ ഒരു മാതൃക കാണുന്നുണ്ട്. ക്രൈസ്തവ നാമങ്ങളും അവയുടെ അർത്ഥങ്ങളും വിവിധ രൂപഭേദങ്ങളും പ്രാദേശിക ഭേദങ്ങളും ഒരു ചെറുഗ്രന്ഥമായി സഭാ കേന്ദ്രത്തിൽ നിന്നു പ്രസിദ്ധീകരിച്ചു വൈദീകർക്കു നൽകുന്നതു നന്നായിരിക്കും. 'നെയിംസ് ഓഫ് കേരളാ ക്രിസ്റ്റ്യൻസ്' (ഡോ. തോമസ് ചെറിയാൻ ) 'ക്രൈസ്തവ നാമ നിഘണ്ടു' (പ്രൊഫ. ഫ്രാൻസിസ് പാമുണ്ടയിൽ) എന്നീ ഗ്രന്ഥങ്ങൾ ഇക്കാര്യത്തിനു ഉപയോഗപ്രദമാണ്.

**വർഗ്ഗീസ് ജോൺ തോട്ടപ്പുഴ**

ലേഖനം

# നിനുവയോടുണ്ടായ കോപം...

തോമസ് കുര്യൻ



**ദൈ**വം നമ്മെ എപ്പോഴും വീക്ഷിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഓരോ നിമിഷത്തേയും വിചാരവികാരങ്ങളെ അറിയുന്നവനാണ് ദൈവം. ഈ ബോധം നമ്മുടെ ഉള്ളിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. നമ്മൾ പലപ്പോഴും ദൈവബോധം ഇല്ലാത്തവരായിട്ടാണ് ഭൂമിയിൽ ജീവിക്കുന്നത്. ഇന്ന് നമ്മൾ ജീവിക്കുന്ന ലോകം മ്ലേച്ഛതയുടെയും അതോടൊപ്പമുള്ള അഴിമതികളുടെയും കേളീരംഗമായി തീർന്നിരിക്കുകയാണ്. ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്താണ്? നമ്മുടെ എല്ലാ കഴിവുകളോടുംകൂടിയ സ്വയം സമർപ്പണമാണ് പിതാവാം ദൈവം ആഗ്രഹിക്കുന്നത്. ദൈവം സ്നേഹിക്കുന്ന വ്യക്തിക്ക് അവൻ എന്തൊക്കെ ആഗ്രഹിക്കുന്നുവോ അതെല്ലാം ചെയ്തു കൊടുക്കുന്നതായിട്ടാണ് ഉല്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു (ഉല്പത്തി 18:16–33). നമുക്ക് ചെയ്യാൻ കഴിവുള്ളതു മാത്രമേ ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുകയുള്ളു. അല്ലാതെ നമുക്ക് കഴിയാത്തതൊന്നും അവൻ നമ്മോട് ആവശ്യപ്പെടുന്നില്ല. അതിന് ആദ്യം വേണ്ടത് നാം നമ്മുടെ പ്രകൃതത്തെ തിരിച്ചറിയുക മാത്രം മതി. ദൈവം നമ്മുടെ പ്രകൃതി എന്നാൽ പൊടിയായിരുന്ന നമ്മെ ദൈവം തന്റെ ആകൃതിയിലും സ്വരൂപത്തിലും സൃഷ്ടിച്ചു എന്നു നാം വായിക്കുന്നു. എടുത്തുചാടി നാം ഒന്നും ചെയ്യേണ്ടതായിട്ടില്ല. എന്താണ് ദൈവം നമ്മിലോരോരുത്തരിൽ നിന്നും ആഗ്രഹിക്കുന്നതെന്ന് സ്വയം കണ്ടുപിടിക്കണം (എഫേ. 5:17) ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ എന്ന് അവിടെ പറയുന്നു. വീഞ്ഞുകുടിയും വെറിക്കൂത്തുമൊക്കെ കർത്താവിന് അനിഷ്ടമെന്ന് നാം അറിയണം. ആധുനിക തലമുറയെ കാർന്നുതിന്നുന്ന ഒന്നാണല്ലോ മദ്യസേവ. അതിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും ഇന്നത്തെ തലമുറയ്ക്ക് രക്ഷപെടുവാൻ പ്രയാസമാണെന്നു കണക്കുകൾ ഉദ്ധരിച്ചുകൊണ്ടു പറയുവാൻ സാധിക്കും ഇതോടൊപ്പമുള്ള വെറിക്കൂത്തുകളും ആഭാസങ്ങളും ദിനംപ്രതി വർദ്ധിച്ചുവരികയും ചെയ്യുന്നു.

നമുക്കു വീണ്ടും തിരിച്ച് മമ്രേയുടെ തോപ്പിലേക്കു പോകാം. അബ്രഹാം തന്റെ ജീവിതത്തിൽ പരമാർത്ഥിയും ദൈവത്തോടുകൂടി നടന്നവനുമാകകൊണ്ട് ദൈവം താൻ .......... പ്രവർത്തിക്കുവാൻ പോകുന്നത് അവനെ അറിയിച്ചു. ഇന്ന് ലോകത്തിൽ നാം കാണുന്നതുപോലുള്ള വെറിക്കൂത്തുകളാണ് അന്നും നടന്നുകൊണ്ടിരുന്നത്. ഉല്പത്തി 18, 19 അദ്ധ്യായങ്ങൾ വായിക്കുമ്പോൾ നമുക്കതു മനസ്സിലാകും.

വലിയ നോമ്പിന്റെ കാലത്തിലേക്ക് നാം അടുത്തുകൊണ്ടിരിക്കുകയാണ്. നിനവേയുടെ രോദനം ദൈവസന്നിധിയിൽ കേട്ടപ്പോൾ ദൈവത്തിന്റെ മനസ്സലിഞ്ഞു. അവൻ നിനുവയോടു ചെയ്യാനിരുന്നത് മറന്നുകളഞ്ഞു. ഈ നോമ്പുകാലത്തെങ്കിലും നമ്മുടെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുന്നത് നല്ലതായിരിക്കും. ഒരു പുനർചിന്ത നമുക്കാവശ്യമായിരിക്കുന്നു. നമ്മുടെ ചെയ്തികളെ പുനരവലോകനം ചെയ്യുവാൻ നാം ഈ അവസ്സരം ഉപയോഗിക്കുമെങ്കിൽ അതേറ്റവും നല്ലതായിരിക്കും. ❍




## കംബൈൻഡ് ഗ്രാജ്വേറ്റ് ലെവൽ എക്സാമിനേഷൻ

മന്ത്രാലയങ്ങൾ, വകുപ്പുകൾ, ഓഫീസുകൾ തുടങ്ങിയവയിലെ വിവിധ തസ്തികകളിൽ നിയമനത്തിന് ഏപ്രിൽ 14, 21 തീയതികളിൽ സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്ന കംബൈൻഡ് ഗ്രാജ്വേറ്റ് ലെവൽ എക്സാമിനേഷന് അപേക്ഷിക്കാം. പ്രായം 2013 ജനുവരി 1 ന് 18–27. യോഗ്യത : ഏതെങ്കിലും ബിരുദം. വിശദവിവരങ്ങൾക്ക് http//ssckkr.kar.nic.in. ഒരാൾ ഒരു അപേക്ഷ മാത്രമേ അയയ്ക്കാവൂ. http://ssonline.nic.in, http://ssonline2.gov.in എന്നീ വെബ്സൈറ്റുകളിലൂടെ ഓൺലൈനായും അപേക്ഷിക്കാം. ഹെൽപ്ലൈൻ : 080 – 25502520, 9483862020.



# ഭദ്രാസന വാർത്തകൾ

അനുതാപത്തിന്റെ വലിയനോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പീഡാനുഭവവും അതിനപ്പുറമുള്ള പുനരുത്ഥാനവും ലക്ഷ്യമാക്കിയുള്ള നമ്മുടെ തീർത്ഥാടനം അർത്ഥപൂർണ്ണമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയും സുകൃത ജീവിതവുമാണ് വ്രതാനുഷ്ഠാനങ്ങളെ പരിപോഷിപ്പിക്കുന്നത്. മോശയും, ഏലിയാവും, നമ്മുടെ കർത്താവും നോറ്റ നോമ്പിലൂടെ ഈ പവിത്രനാളുകളിൽ ഉയിർപ്പിന്റെ ശക്തിപ്രാപിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ദൈവകൃപയാൽ 6–ാമത് ഭദ്രാസന കൺവൻഷൻ അനുഗ്രഹകരമായി പൂർത്തീകരിച്ചു. ദൈവാത്മാവിന്റെ അദൃശ്യമായ വ്യാപാരം ആദിയോടവസാനം ഉണ്ടായിരുന്നു എന്നത് അവിസ്മരണീയമായ സംഗതിയാണ്. ആയതിന്റെ നടത്തിപ്പിന് വേണ്ടി അത്യദ്ധ്വാനം ചെയ്ത വിവിധ കമ്മറ്റികളെയും പ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു.

മാർച്ച് മാസം 7–ാം തീയതി 10 മണിക്ക് ഭദ്രാസന തലത്തിൽ നടക്കുന്ന കാതോലിക്കാദിന കവറുകളുടെ വിതരണത്തിൽ ബഹു. വികാരിമാരും ഇടവക ചുമതലക്കാരും കടന്നു വന്ന് കവറുകൾ ഏറ്റു വാങ്ങണം. ഭദ്രാസന ദിന കവറുകൾ സമാഹരണം പൂർത്തീകരിച്ച് മാർച്ച് 12 ചൊവ്വാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ബഥേൽ അരമനയിൽ നടക്കുന്ന യോഗത്തിൽ എത്തിക്കുന്നതിന് ബഹു. വികാരിമാരും ബന്ധപ്പെട്ടവരും പ്രത്യേകം ഉത്സാഹിക്കണം. ഭദ്രാസനത്തിന്റെ ദൈനംദിന കാര്യങ്ങൾ കവർപിരിവിനെ ആശ്രയിച്ചാണ് നടക്കുന്നത്.


2013–17 വരെയുള്ള ആദ്ധ്യാത്മിക സംഘടനകളുടെ നേതൃത്വ നിരയിൽ അർപ്പണബോധമുള്ള പ്രവർത്തകരെ ആവശ്യമായി വരുന്നു. അതിന് സന്നദ്ധതയും താൽപ്പര്യവുമുള്ളവർ ഇടവക വികാരിമാർ മുഖേന ആ വിവരം ഭദ്രാസന ആഫീസിൽ അറിയിക്കണം.

മുളക്കുഴ സെന്റ് മേരീസ് പള്ളി വികാരി കൊച്ചുതെക്കേതിൽ ബഹു. കെ. സി. ജേക്കബ് അച്ചന്റെ മാതാവ് ശ്രീമതി തങ്കമ്മ ചാക്കോയും, ഇടനാട് സെന്റ് മേരീസ് ഇടവകയിൽ വടക്കേതിൽ ഷിബി വില്ലയിൽ ബഹു. ഷാജൻ വർഗ്ഗീസ് അച്ചന്റെ പിതാവ് ശ്രീ. വി. സി. വർഗ്ഗീസും കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. കുടുംബാംഗങ്ങളെ പ്രാർത്ഥനയുടെ ഐക്യം അറിയിക്കുകയും ചെയ്യുന്നു.

ആരാധനയിലൂടെ അർത്ഥവത്തായ ക്രൈസ്തവ സാക്ഷ്യം തലമുറകൾക്ക് കൈമാറുവാൻ തിരുവചന കേൾവിയും നോമ്പനുഷ്ഠാനങ്ങളും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**
(ഭദ്രാസന സെക്രട്ടറി)

## പ്രകാശന കർമ്മം



28 ഇടയന്മാർ പറയുന്നു എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം കൊട്ടാരക്കര ഓർത്തഡോക്സ് കൺവെൻഷനോട് അനുബന്ധിച്ച് ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി നിർവ്വഹിച്ചു. ഗ്രന്ഥകർത്താവ് റോയി ചാക്കോ ഇളമണ്ണൂർ, ഫാ. തോമസ് വർഗീസ് അമയിൽ എന്നിവർ സമീപം.

## ബഥേൽ പത്രിക 100% വരിക്കാർ

ഓലിക്കൽ മാർ ഗ്രീഗോറിയോസ് ബഥേൽ പത്രികയുടെ 100% വരിക്കാർ ആയി. ഇടവക വികാരി ഫാ. തോമസ് വർഗീസ് കടവിലിനോടും ഇടവാകംഗങ്ങളോടുമുള്ള പത്രിക പത്രാധിപ സമിതിയുടെ കൃതജ്ഞത.

## ബഥേൽ പത്രിക വരിസംഖ്യ സമാഹരണം

**ഫെബ്രുവരി**

| | |
|---|---|
| 17.02.13 | കാരയ്ക്കാട് സീനായ്ക്കുന്ന് സെന്റ് മേരീസ് |
| 24.02.13 | കടമാൻകുളം സെന്റ് മേരീസ് |

**മാർച്ച്**

| | |
|---|---|
| 03.03.13 | ആറ്റുവാ മാർ ബർസൗമ്മാസ് |
| 10.03.13 | കല്ലുങ്കൽ ഈസ്റ്റ് ഇഗ്നേഷ്യസ് |
| 17.03.13 | ഉമായാറ്റുകര സെന്റ് തോമസ് |

ബാലപത്രിക



# പരീക്ഷണങ്ങളിൽ പതറരുത്

സ്നേഹമുള്ള കൂട്ടുകാരെ,

എല്ലാവരുടെയും ജീവിതത്തിൽ ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ പരീക്ഷണഘട്ടങ്ങൾ നേരിടുവാനുണ്ട്. അവയിൽ ചിലത് ഗൗരവതരവും മറ്റു ചിലത് നിസ്സാരങ്ങളുമാവാം. ചിലർക്ക് ചുരുക്കമായി പരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ മറ്റുചിലർക്ക് അടിക്കടി പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ചിലർ അവയുടെ മുമ്പിൽ മനസുമടുക്കുകയും പരാജിതരാവുകയും ചെയ്യുന്നുണ്ട്.

വിഷമഘട്ടങ്ങളിൽ നിന്നും മോചനം ലഭിക്കുവാൻ രണ്ടു കാര്യങ്ങൾ ആവശ്യമാണ്. ഒന്ന് നമ്മുടെ മനോഭാവത്തിലുള്ള മാറ്റം. മറ്റേത് അനന്തമായ ദൈവശക്തിയിലുള്ള വിശ്വാസം. ആഗ്രഹിക്കുന്നതെല്ലാം അതേപ്രകാരത്തിൽ നിറവേറ്റാൻ നമുക്കു കഴിഞ്ഞു എന്നു വരില്ല. പ്രതീക്ഷിച്ചതെല്ലാം ലഭിച്ചുവെന്നു വരികയില്ല. എങ്കിലും നിരന്തരമായ പരിശ്രമത്തിലൂടെ കുറച്ചെങ്കിലും നേട്ടങ്ങൾ വരിക്കുവാൻ കഴിയും. അതിൽനിന്നും ലഭിക്കുന്ന സംതൃപ്തി കൂടുതൽ ശ്രമിക്കുവാനുള്ള ഉത്സാഹം നമ്മിലുളവാക്കും. അങ്ങനെ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് നമുക്കു നീങ്ങുവാൻ സാധിക്കും.

ഒരു ധർമ്മോപദേഷ്ടാവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. “പരിശ്രമത്തിൽ നിന്നും ഒരിക്കലും പിന്മാറരുത്. ശുഭപ്രതീക്ഷയാണ് നമുക്കാവശ്യം നൈരാശ്യമല്ല. ജീവിതം സമ്മിശ്രാനുഭവമാണ്. സുഖവും ദുഃഖവും ജയവും പരാജയവും കലർന്നതാണ്. എന്തു കുഴപ്പങ്ങൾ നേരിട്ടാലും വിജയം വരെ പരിശ്രമിക്കുമെന്നു മനസ്സുകൊണ്ട് ഉറയ്ക്കുക. ഇതാണ് പരീക്ഷണഘട്ടങ്ങളിൽ ചെയ്യേണ്ടത്.

ജീവിതം പൂമെത്തയല്ല; യാതനകളും വെല്ലുവിളികളും നിറഞ്ഞ സാഹസിക യാത്രയാണ്. ഒന്നും ചെയ്യാതെ നിഷ്ക്രിയരായിരിക്കരുത്. വിദ്യാഭ്യാസ കാലത്ത് പ്രവർത്തനരംഗങ്ങളിലും നമുക്കിഷ്ടമില്ലാത്ത അനുഭവങ്ങൾ ഉണ്ടായെന്നുവരും. അതിനെ അതിജീവിക്കണം. എന്നാൽ പരീക്ഷണഘട്ടങ്ങളിൽ നമുക്ക് ആശയർപ്പിക്കുവാനുള്ള നങ്കൂരമാണ് ദൈവത്തിലുള്ള വിശ്വാസം. ചുറ്റും ഇരുളടഞ്ഞുവെന്നു തോന്നുമ്പോൾ നമുക്ക് പ്രകാശം തരുന്ന അനന്തശക്തിയാണ് ദൈവവിശ്വാസം.

കൂട്ടുകാരെ,

പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ, ദൈവത്തിന്റെ പ്രവർത്തനങ്ങൾ നമ്മെ ഭരിക്കുവാൻ സ്വയം സമർപ്പിക്കുമ്പോൾ, വെളിച്ചം നമ്മിലേക്കു കടന്നുവരും. കൊടുങ്കാറ്റിനെതിരെ ഉറപ്പോടെ നിൽക്കുവാൻ ദൈവവിശ്വാസം നമ്മെ കൂടുതൽ ശക്തരാക്കും. മനക്കരുത്തോടെ പരീക്ഷണ ഘട്ടങ്ങളെ നേരിടുവാൻ ദൈവവിശ്വാസം നമ്മെ നയിക്കട്ടെ.

നിശ്ചയമായും ദൈവം അനുഗ്രിക്കും
സ്നേഹപൂർവ്വം

**ആനിച്ചേച്ചി**




സഹപ്രവർത്തകരേ,

പുതുവത്സര ക്ലാസ്സുകൾ എല്ലാ ഇടവകയിലും ആരംഭിച്ചുവല്ലോ. സണ്ടേസ്കൂൾ പഠനം അനിവാര്യമാക്കേണ്ട ചുമതല ഓരോ അംഗത്തിനും ഉണ്ടാകേണ്ടതാണ്. നമ്മുടെ ഭദ്രാസനത്തിലെ ഒരു കുട്ടിപോലും സണ്ടേസ്കൂൾ പഠനം നടത്താതെയോ തുടർപഠനം നടത്താതെയോ ഇരിക്കരുത്. പുതിയ പാഠ്യപദ്ധതി പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്നതിനാൽ അത് ഹൃദിസ്ഥമാക്കുവാൻ ഉത്സുകരാകേണ്ടതാണ്. പുതിയ പാഠ്യ പദ്ധതിയിൽക്കൂടി പുതിയ ദർശനവും ജീവിത വിശുദ്ധിയും സഭയോടുള്ള ആഭിമുഖ്യവും ഉണ്ടാകുവാൻ സാധിക്കുന്ന തരത്തിൽ മാതാപിതാക്കളും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

***പ്രഥമാദ്ധ്യാപക സമ്മേളനം***

ഭദ്രാസന സണ്ടേസ്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെ സമ്മേളനം ബഥേൽ അരമനയിൽ വെച്ച് വൈസ് പ്രസിഡന്റ് ബഹു. കുര്യൻ ജോസഫ് അച്ചന്റെ നേതൃത്വത്തിൽ അദ്ധ്യക്ഷതയിൽ കൂടുകയും ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സുകൊണ്ട് യോഗം ഉത്ഘാടനം ചെയ്യുകയും ചെയ്തു.

അഭിവന്ദ്യരായ മാവേലിക്കര ഭദ്രാസനാധിപൻ പൗലൂസ് മാർ പക്കോമിയോസ്, യു.കെ. ഭദ്രാസനാധിപൻ മാത്യൂസ് മാർ ബർന്നബാസ് എന്നീ പിതാക്കന്മാരുടെ ദേഹവിയോഗത്തിൽ അനുശോചന പ്രമേയം ചെങ്ങന്നൂർ ഡിസ്ട്രിക്ട് ഇൻസ്പെക്ടർ അവതരിപ്പിക്കുകയും, നിത്യശാന്തിക്കായി തിരുമനസ്സുകൊണ്ട് പ്രത്യേകം പ്രാർത്ഥന നിർവ്വഹിക്കുകയും ചെയ്തു.

യോഗത്തിൽ ഭദ്രാസന സെക്രട്ടറി ബഹു. തോമസ് കൊക്കാപ്പറമ്പിൽ ആശംസാപ്രസംഗം നടത്തി. അതിനുശേഷം പബ്ലിക്കേഷൻ ഓഫീസർ ബഹു. കെ.വി. തോമസച്ചൻ 'സണ്ടേസ്കൂൾ മാനേജ്മെന്റ്' എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസ്സ് എടുക്കുകയും സെക്രട്ടറി ശ്രീ. സി.എം. തോമസ് സ്വാഗതവും ഡയറക്ടർ ജി. വർഗ്ഗീസ് കൃതജ്ഞതയും രേഖപ്പെടുത്തി. സജീവമായ ചർച്ചകൾക്കുശേഷം പ്രാർത്ഥനയോടെ യോഗം 1 മണിക്ക് സമംഗളം പര്യവസാനിച്ചു.

***ഒ.വി.ബി.എസ്.***

2013- ലെ ഒ.വി.ബി.എസ്. ചിന്താവിഷയം "കർത്താവിന്റെ സന്നിധിയിൽ താഴുവീൻ, അവൻ നിങ്ങളെ ഉയർത്തും" (യാക്കോ. 4:10) എന്നുള്ളതാണ്. മാർച്ച് 8, 9 (വെള്ളി, ശനി) തീയതികളിൽ രാവിലെ 9.30 മുതൽ ബഥേൽ അരമനയിൽ വെച്ച് ഭദ്രാസനതല ഗാനപരിശീലനം നടത്തപ്പെടുന്നതാണ്. ഇതുസംബന്ധിച്ച് അഭിവന്ദ്യ തിരുമസ്സിലെ കല്പന എല്ലാ ദേവാലയങ്ങളിലേക്കും അയച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 150/- രൂപാക്രമത്തിൽ നല്കേണ്ടതാണ്. ഓരോ യൂണിറ്റിൽ നിന്നും എത്രപേർ പങ്കെടുക്കണമെന്ന വിവരം അതത് ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരെ അറിയിക്കേണ്ടതാണ്.

***അദ്ധ്യാപക-രക്ഷാകർത്തൃ സമ്മേളനം***

ചെങ്ങന്നൂർ ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും അദ്ധ്യാപക രക്ഷാകർത്തൃസമ്മേളനം നടത്തുവാൻ തക്കവണ്ണം അഭിവന്ദ്യ തിരുമനസ്സിലെ കല്പന എല്ലാ ദേവാലയങ്ങളിലും അയച്ചിട്ടുണ്ട്. ഏഴ് പേരിൽ കൂടാത്ത ഒരു കമ്മറ്റി വികാരി, ഹെഡ്മാറ്റർ എന്നിവർ ഉൾപ്പെട്ടതും അദ്ധ്യാപകതിൽ നിന്നും രക്ഷാകർത്താക്കളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിച്ച് ഭദ്രാസന ഡയറക്ടർ പേർക്ക് ലിസ്റ്റ് സഹിതം മാർച്ച് 31-നകം അറിയിക്കേണ്ടതാണ്.

നമ്മുടെ കുട്ടികൾ ദൈവാശ്രയത്തിൽ വളർന്ന് ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊണ്ട് വളരുവാനും, രക്ഷാകർത്താക്കൾക്ക് സണ്ടേസ്കൂൾ പ്രസ്ഥാനത്തോട് യഥാർത്ഥമായി ബന്ധപ്പെടേണ്ട കാലഘട്ടമാണെന്ന് മനസ്സിലാക്കുവാനും ഉപകരിക്കുന്ന തരത്തിൽ വളർത്തുവാൻ പ്രേരകമാക്കുവാൻ ഏവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

സണ്ടേസ്കൂൾ ഡയറക്ടർ
**ജി. വർഗ്ഗീസ് കാവുംപുറം**

## ദിവ്യബോധനം ബിരുദദാനം

2011 – 2013 ബാച്ചിൽ ദിവ്യബോധനം പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് 2013 മാർച്ച് 9 ശനിയാഴ്ച കോട്ടയം വൈദിക സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു. ഉച്ചയ്ക്ക് 2 മണിക്ക് ബിരുദദാന ചടങ്ങ് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി നിർവ്വഹിക്കും. ബിരുദത്തിനും സർട്ടിഫിക്കറ്റിനും അർഹരായവർ അതിൽ വന്ന് സംബന്ധിക്കേണ്ടതാണ്. 2013 ജൂൺ മാസത്തിൽ അടുത്ത ബാച്ചിന്റെ പഠനം ആരംഭിക്കുന്നതുമാണ്.

## ചരമ രജത ജൂബിലി ആഘോഷം

മെഴുവേലി തെക്കേമൂത്തേരിൽ ദിവ്യശ്രീ. ചെറിയാൻ സ്കറിയ കത്തനാരുടെ ചരമ രജത ജൂബിലി ആഘോഷം 2013 ഫെബ്രുവരി 17–ാം തീയതി ഞായറാഴ്ച മെഴുവേലി ഹോളി ഇന്നസെന്റ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ച് നടത്തപ്പെടും അന്നേ ദിവസം രാവിലെ ബോംബേ ഭദ്രാസനാധിപൻ അഭി. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും രണ്ട് മണിക്ക് പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് അനുസ്മരണ സമ്മേളനവും നടത്തപ്പെടും. ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ ബഹു. റ്റി.ജെ. ജോഷ്വാ അച്ചൻ മുഖ്യപ്രഭാഷണം നടത്തപ്പെടും. 1988 ഫെബ്രുവരി 15–ാം തീയതി, 95–ാം വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ച ബഹു. അച്ചൻ, മെഴുവേലി ശാലേം ഇടവകയുടെ സ്ഥാപനകാലം മുതൽ വികാരിയായി സേവനം അനുഷ്ഠിച്ചു. കൂടാതെ അയിരൂർ, ആഞ്ഞിലിത്താനം, കോയിപ്പുറം, കരിമ്പനാങ്കുഴി, പിരളശ്ശേരി, മഴുക്കീർ, തുരുത്തിക്കാട്, ഉള്ളന്നൂർ, തുമ്പമൺ, തട്ട, കൊഴുവല്ലൂർ, കോന്നി, അട്ടച്ചാക്കൽ, കൊന്നപ്പാറ മുതലായ സ്ഥലങ്ങളിലെ ദേവാലയങ്ങളിലായി ഏതാണ്ട് 65 വർഷക്കാലം പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ചിരുന്നു. നാനാജാതി മതസ്ഥരാലും സമാദരണീയനായ ബഹു. അച്ചൻ ഇടവകകളുടെയും ദേശത്തിന്റെയും സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി ത്യാഗമനസ്ഥിതിയോടെ സേവനമനുഷ്ഠിച്ച വ്യക്തിയാണ്. ദിവംഗതനായ പ്രശസ്ത വേദശാസ്ത്രജ്ഞനും സഭാ ചരിത്രകാരനുമായ റവ. ഡോ. വി.സി. ശമുവേൽ ഭാര്യാസഹോദരനും, ദിവംഗതനുമായ വെരി. റവ. റ്റി.സി. ജോൺ കോർ എപ്പിസ്കോപ്പാ ഏക മകനുമാണ്.

### ഏജന്റുമാരെ ക്ഷണിക്കുന്നു

ഭദ്രാസന മുഖപത്രമായ ബഥേൽ പത്രിക കൂടുതൽ ആളുകളുടെ കൈകളിൽ എത്തിക്കുവാൻ ആകർഷകമായ കമ്മീഷൻ വ്യവസ്ഥയിൽ ഇടവക തലത്തിലോ ഭദ്രാസന തലത്തിലോ ഏജന്റുമാരെ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്കു ഭദ്രാസന ഓഫീസുമായി ബന്ധപ്പെടുക.

## ദൈവത്തോട് ചേർന്നു നടക്കുക പരി. കാതോലിക്കാ ബാവാ

ബുധനൂർ : ദൈവത്തോട് ചേർന്നു നടക്കുകയാണ് പ്രശ്ന സങ്കീർണ്ണമായ ഈ ലോകത്തിൽ മനുഷ്യന് അഭികാമ്യമെന്ന് പരി. കാതോലിക്കാ ബാവാ പ്രസ്താവിച്ചു. ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ പരി. കാതോലിക്കാ ബാവായ്ക്ക് നൽകിയ സ്വീകരണ സമ്മേളനത്തിൽ മറുപടി പ്രസംഗം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. പരിശുദ്ധ കാതോലിക്കാ ബാവായുടെ പിന്നിൽ ചെങ്ങന്നൂർ ഭദ്രാസനത്തിലെ മുഴുവൻ ജനങ്ങളും നിൽക്കുമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ തിരുമേനി പറഞ്ഞു. ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ, മാനേജിംഗ് കമ്മറ്റിയംഗം ഫാ. തോമസ് അമയിൽ, സഭാ മാനേജിംഗ് കമ്മറ്റിയംഗം സജി പട്ടരുമഠം, വികാരി ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ എന്നിവർ യോഗത്തിൽ സംസാരിച്ചു. ട്രസ്റ്റി ഇടവകയുടെ ഉപഹാരം നൽകുകയും വിവിധ ആദ്ധ്യാത്മിക സംഘടനകളും വ്യക്തികളും പരി. ബാവായെ ഹാരാർപ്പണം നടത്തുകയും ചെയ്യും.

## വയോധിക വന്ദനം



മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിലെ 80 വയസ്സിനു മുകളിലുള്ള മാതാപിതാക്കളെ ഇടവക തൃതീയ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടന്ന വയോധിക വന്ദനത്തിൽ ആദരിച്ചു. ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ പൊന്നാട അണിയിച്ചു. ആദ്ധ്യാത്മിക സംഘടനാ വാർഷികം അഭിവന്ദ്യ തിരുമേനി ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത് അദ്ധ്യക്ഷം വഹിച്ചു. ഇതിനു മുന്നോടിയായി നടന്ന കൺവൻഷൻ യോഗങ്ങളിൽ ഫാ. സ്പെൻസർ കോശി, ഫാ. വിൽസൺ മാത്യു, ഫാ. ജോൺ പോൾ എന്നിവർ പ്രസംഗിച്ചു.

## സണ്ടേസ്കൂൾ ഐ.റ്റി. അധിഷ്ഠിത പഠനപദ്ധതി

ബുധനൂർ : സണ്ടേസ്കൂൾ കുട്ടികളെ മൂല്യബോധമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ സെന്റ് ഏലിയാസ് സണ്ടേസ്കൂളിൽ നടപ്പിലാക്കുന്ന ഐ.റ്റി. തൊഴിലധിഷ്ഠിത പഠന പദ്ധതിയുടെ ഭാഗമായുള്ള പ്രൊജക്റ്റിന്റെ ഉദ്ഘാടനം പരി. കാതോലിക്കാ ബാവാ തിരുമേനി നിർവഹിച്ചു. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. വികാരി ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ, ഹെഡ്മാസ്റ്റർ സജി പട്ടരുമഠം എന്നിവർ പ്രസംഗിച്ചു.

## സമാധാന പ്രാർത്ഥനാ യജ്ഞം



വള്ളംകുളം – നന്നൂർ പ്രദേശത്തെ സമാധാനത്തിനായി നന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ നേതൃത്വത്തിൽ സെന്റ് മേരീസ് കുരിശടിയിൽ നിശബ്ദ സമാധാന പ്രാർത്ഥനാ യജ്ഞം നടത്തപ്പെട്ടു. ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5.30 വരെ. യജ്ഞം ഇടവക വികാരി റവ. ഫാ. ജോസഫ് കുറിയാക്കോസ് പാമ്പാടി കണ്ടത്തിൽ തിരി കത്തിച്ച് ഉദ്ഘാടനം ചെയ്തു. ഇടവക ട്രസ്റ്റി മാത്യു ജേക്കബ് പടിയ്ക്കവീട്ടിൽ, സെക്രട്ടറി കെ.റ്റി. ചാക്കോ, ഭദ്രാസന കൗൺസിൽ മെമ്പർ റോയി ചാണ്ടപ്പിള്ള, ഷാജി ഫിലിപ്പ്, മാത്യു കെ. മാത്യു, റ്റി.പി. ചാക്കോ, ജോർജ്ജ് മാമ്മൻ, ജോസ് ഇഞ്ചേലിത്തടം, മനു വർഗ്ഗീസ്, കെ.വി. അലക്സാണ്ടർ, മർത്ത്മറിയം സമാജം സെക്രട്ടറി സൂസമ്മ ശാമുവേൽ, ശോശാമ്മ അലക്സാണ്ടർ തുടങ്ങിയവർ നേതൃത്വം നൽകി.

**BETHEL PATRIKA MATRIMONIAL**

സഭാവിശ്വാസികളായ അനുയോജ്യരായ വധൂവരന്മാരെ തിരഞ്ഞെടുക്കുവാൻ ബഥേൽ പത്രിക അവസരം ഒരുക്കുന്നു. പ്രിന്റ് രൂപത്തിലും ഇന്റർനെറ്റിലും ലഭ്യമാകുന്ന വിവാഹ പരസ്യങ്ങൾ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കുവാൻ ബഥേൽ പത്രിക ഓഫീസുമായി ബന്ധപ്പെടുക.

## കലാമത്സരം



ഓതറ: സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിലെ മാർ ഗ്രീഗോറിയോസ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ റവ. ഫാ. റ്റി.കെ. ശമുവേൽ സ്മാരക 5–ാമത് അഖില മലങ്കര കലാമത്സരം നടത്തപ്പെട്ടു. പ്രസ്ഥാനം വൈസ് പ്രസിഡന്റ് റെനി സൂസന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ ഇടവക വികാരിയും യുവജനപ്രസ്ഥാനം കേന്ദ്രജനറൽ സെക്രട്ടറിയുമായ റവ. ഫാ. സ്റ്റീഫൻ വർഗ്ഗീസ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഇടവകാംഗവും ഇരവിപേരൂർ പഞ്ചായത്ത് മെമ്പറുമായ ശ്രീ. കെ.എം. ജോസഫ്, ശ്രീ. അനു ഏബ്രഹാം, അനീഷ് ഫിലിപ്പ്, അജയ് ജോസ്, ജിനു ഫിലിപ്പോസ് എന്നിവർ ആശംസകൾ അർപ്പിച്ചു. കലാമത്സരവിജയികൾക്ക് സമ്മാനദാനങ്ങൾ നടത്തി. **ക്വിസ് :** ഒന്നാം സ്ഥാനം റവ. ഫാ. റ്റി.കെ. ശാമുവേൽ എവറോളിംഗ് ട്രോഫി മാർ ബസേലിയോസ് ഗ്രീഗോറിയോസ്, ചുനക്കര മാവേലിക്കരയും, രണ്ടാം സ്ഥാനം കെ. ജി. ജോർജ്ജ് മെമ്മോറിയൽ എവറോളിംഗ് ട്രോഫി സെന്റ് ഗ്രീഗോറിയോസ് നെല്ലിമല, ചെങ്ങന്നൂരും നേടി. **പ്രസംഗം :** ഒന്നാം സ്ഥാനം റ്റി.വി. മാത്തൻ മെമ്മോറിയൽ ട്രോഫി നിഖിൽ (മാർ ബസേലിയോസ് ചുനക്കര, മാവേലിക്കര) രണ്ടാം സ്ഥാനം എം.വി. മത്തായി മെമ്മോറിയൽ എവറോളിംഗ് ട്രോഫി ജെസ്വിൻ വർഗ്ഗീസും (സെന്റ് മേരീസ് പനയംപാല, നിരണം) കരസ്ഥമാക്കി. സംഗീതവിഭാഗത്തിൽ ഒന്നു രണ്ടും സ്ഥാനം നേടിയവർ ഇടവക, ഭദ്രാസനം എന്നീ ക്രമത്തിൽ കൊടുത്തിരിക്കുന്നു. **സബ് ജൂണിയർ :** ജിയാ തോമസ് (മാർ ബസേലിയോസ് ചുനക്കര, മാവേലിക്കര) നേഹാ ആൻ വർഗ്ഗീസ് (സെന്റ് മേരീസ് കാട്ടൂർ, നിലയ്ക്കൽ) **ജൂണിയർ :** ഷാരോൺ സൂസൻ മാത്യു (സെന്റ് മേരീസ് പനയംപാല, നിരണം) ജെറി ബെന്നി (മാർ ബസേലിയോസ് ചുനക്കര, മാവേലിക്കര) **സീനിയർ :** ജിജോ കെ. കുഞ്ഞുമോൻ (സെന്റ് മേരീസ് ഇടവങ്കാട്, ചെങ്ങന്നൂർ) ജെമി റേച്ചൽ ജോസഫ് (സെന്റ് ജോർജ്ജ് പിരളശ്ശേരി, ചെങ്ങന്നൂർ) **സീനിയർ സമൂഹഗാനം :** ജീനാ സൂസൻ, ഷിലു റേച്ചൽ & എസ്തേർ (സെന്റ് ജോർജ്ജ് കാരയ്ക്കൽ) അനീഷ് പി.കെ., നിഖിൽ എം. വർഗ്ഗീസ് & റോബിൻ യോഹന്നാൻ (മാർ ബസേലിയോസ് ചുനക്കര, മാവേലിക്കര)